

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വക്കം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി 10/1624/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 07/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വക്കം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വക്കം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വക്കം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി 10/1624/23 തീയ്യതി: 07/12/2023

തിരുവനന്തപുരം ജില്ലയിലെ വക്കം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വക്കം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 54 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 51 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീജ.കെ.	ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)	25-10-2023	02-11-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
25-10-2023	02-11-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മനേഷ്.ബി.എച്ച്, ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
ശ്രീ. പ്രവീൺ.എൻ.ജി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സജേഷ്.ആർ.എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രശ്മി.ആർ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)

ശ്രീമതി താജുന്നീസ.എ.	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീമതി അനിത.ആർ.	സെക്രട്ടറി	01-04-2022	30-09-2022
ശ്രീമതി ഷീബ.കെ.എസ്	സെക്രട്ടറി	01-10-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി അനുചിത്ര.വി.എൽ.	കൃഷി ഓഫീസർ	01-04-2022	31-03-2023
ഡോ. സൂര്യ രാജേന്ദ്രൻ	വെറ്റിനറി സർജൻ	01-04-2022	28-01-2023
ഡോ. മാധവിക്കുട്ടി.ജെ.എസ്.	വെറ്റിനറി സർജൻ	29-01-2023	31-03-2023
ഡോ. അജിത്ത് ചക്രവർത്തി	മെഡിക്കൽ ഓഫീസർ - ആർ.എച്ച്.സി.	01-04-2022	31-08-2022
ഡോ. ദേവരാജ്.ആർ.	മെഡിക്കൽ ഓഫീസർ - ആർ.എച്ച്.സി.	01-09-2022	31-03-2023
ഡോ. ആശ ശ്രീനിവാസൻ	മെഡിക്കൽ ഓഫീസർ - ഹോമിയോ	01-04-2022	12-02-2023
ഡോ. രശ്മി.ആർ.എസ്.	മെഡിക്കൽ ഓഫീസർ - ഹോമിയോ	13-02-2023	31-03-2023
ഡോ.രശ്മി.ആർ.ജെ.	മെഡിക്കൽ ഓഫീസർ - ആയുർവേദം	01-04-2022	07-06-2022
ഡോ. ഗ്ലോറി അലക്സ്.എസ്.എം.	മെഡിക്കൽ ഓഫീസർ - ആയുർവേദം	08-06-2022	31-03-2023
ശ്രീ. സൈജു.എം.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1&2	01-04-2022	22-05-2022
ശ്രീമതി സുപ്രിയ.എസ്.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1&2	23-05-2022	11-01-2023
ശ്രീമതി ആതിര.എം.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1&2	12-01-2023	19-01-2023
ശ്രീമതി ശരണ്യദേവ്.ഡി.എസ്.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1&2	20-01-2023	31-03-2023
ശ്രീമതി ശ്രീജ.എസ്.എൽ.	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2022	31-03-2023
ശ്രീമതി അനിത.ആർ.	സെക്രട്ടറി	01-04-2022	30-09-2022
ശ്രീമതി ഷീബ.കെ.എസ്.	സെക്രട്ടറി	01-10-2022	31-03-2023
ശ്രീമതി ദീപ.ഡി.ആർ.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2022	31-03-2023
ശ്രീമതി പ്രീത ദേവദാസ്	എച്ച്.എം.	01-04-2022	31-03-2023
ശ്രീ. പ്രഭുലാൽ.ആർ.എസ്.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	31-03-2023

ശ്രീ. പ്രേം നിർമ്മൽ.എസ്.പി.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	14-02-2023
ശ്രീ. ഉണ്ണികൃഷ്ണൻ .കെ.	അസിസ്റ്റന്റ് സെക്രട്ടറി(ചാർജ്)	15-02-2023	31-03-2023
ശ്രീമതി ഷൈലാബീവി.എ.	ഫിഷറീസ് ഓഫീസർ	01-04-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല.	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ്ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.	1-1-2
4	തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ച് ബി-1 ഷെഡ്യൂളിനോടൊപ്പം സമർപ്പിക്കേണ്ടതായ സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടില്ല.	1-1-3
5	വരവിനേക്കാൾ കൂടുതൽചെലവ് ബുക്ക് ചെയ്തിരിക്കുന്നു - സ്ഥാപനത്തിന്റെ നീക്കിയിരിപ്പ് നെഗറ്റീവ്	1-1-4
6	ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല	1-1-5
7	പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.	1-1-6
8	'Directly Debited By Bank' ആയി രേഖപ്പെടുത്തിയിട്ടുള്ള തുക ക്രമീകരിച്ചിട്ടില്ല.	1-1-7
9	ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ ക്രെഡിറ്റ് ആകാത്തതിന്റെ വിശദീകരണം ലഭ്യമായില്ല	1-1-8
10	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.	1-1-9
11	സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.	1-1-10
12	പാർട്ട് ബിൽ ആയി നൽകിയ തുക Capital Work In Progress ആയി ഉൾപ്പെടുത്തിയിട്ടില്ല.	1-1-11
13	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിലുള്ള രേഖകൾ ILGMS – ൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-12
14	കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബാങ്ക് അക്കൗണ്ട് തുകയുമായി പൊരുത്തപ്പെടുന്നില്ല.	1-1-13
15	ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.	1-1-14
16	പിരിച്ചെടുക്കാനവശേഷിക്കുന്ന വസ്തു നികുതി ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല.	1-1-15
17	നിക്ഷേപ പ്രവൃത്തിയുടെ വിനിയോഗം അക്കൗണ്ട് ചെയ്തില്ല.	1-1-16
18	സംയുക്ത പ്രോജക്ടിനായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിച്ചത് തെറ്റായി അക്കൗണ്ട് ചെയ്തു.	1-1-17
19	വായ്പ അക്കൗണ്ട് ചെയ്തതിലെ അപാകം	1-1-18
20	ബജറ്റ്	1-2-0
21	ബജറ്റ് - അപാകങ്ങൾ	1-2-1
22	സാമ്പത്തിക വിശകലനം	1-3
23	ഗ്രാന്റ് വിനിയോഗം	1-4-0

24	ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ	1-4-1
25	പദ്ധതി അവലോകനം	1-5
26	ക്ഷേമ പദ്ധതികൾ	1-6-0
27	പെൻഷൻ വിതരണം സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.	1-6-1
28	മരണശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിക്കുന്നു.	1-6-2
29	ക്യാഷ് പരിശോധന	1-7
30	ആഭ്യന്തര നിയന്ത്രണം	1-8
31	തൊഴിലുറപ്പ് പദ്ധതി	1-9-0
32	ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ ശ്രദ്ധിക്കേണ്ട വിഷയങ്ങൾ	1-9-1
33	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
34	വസ്തു നികുതി - അപാകങ്ങൾ	1-11-0
35	വസ്തു നികുതി പരിഷ്കരണം	1-11-1
36	വസ്തു നികുതി - സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.	1-11-2
37	മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.	1-11-3
38	ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ല.	1-11-4
39	ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ വസ്തു നികുതി ഈടാക്കിയതിൽ കുറവ്.	1-11-5
40	സൈറ്റ് പ്ലാനും സഞ്ചയയും അനുസരിച്ച്, നിലവിലുള്ള കെട്ടിടത്തിന്റെ വിവരം പൊരുത്തപ്പെടുന്നില്ല	1-11-6
41	കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിർമ്മാണ ശേഷം പുനർനിർണ്ണയിക്കേണ്ടതാണ്.	1-11-7
42	അനധികൃത കെട്ടിടങ്ങൾക്ക് ചട്ടപ്രകാരമുള്ള U/A നമ്പർ അനുവദിക്കേണ്ടതാണ്.	1-11-8
43	ഫീൽഡ് സന്ദർശനങ്ങൾ നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.	1-11-9
44	സേവന ഉപനികുതി സാധ്യതകൾ തനത് വരുമാന വർദ്ധനവിനായി പരിഗണിക്കാവുന്നതാണ്.	1-11-10
45	തൊഴിൽ നികുതി - അപാകങ്ങൾ	1-12-0
46	സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെട്ട സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.	1-12-1
47	സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.	1-12-2
48	കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.	1-12-3
49	തൊഴിൽ നികുതി സമ്പൂർണ്ണഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.	1-12-4
50	ലൈസൻസ് - അപാകങ്ങൾ	1-13-0
51	ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ല.	1-13-1
52	ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.	1-13-2
53	അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.	1-13-3

54	ജിംനേഷ്യങ്ങൾക്ക് ലൈസൻസ് ഉറപ്പാക്കേണ്ടതാണ്.	1-13-4
55	യന്ത്ര സാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിന് ഫീസ് ഈടാക്കുന്നതിലെ അപാകം	1-13-5
56	"ടേക്ക് എ ബ്രേക്ക് " - വരവ് തുകകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടവാക്കേണ്ടതാണ്.	1-14
57	തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നില്ല.	1-15
58	ലേലം - ഭരണസമിതി തീരുമാനം നടപ്പാക്കേണ്ടതാണ്.	1-16
59	ടൂറിസം വികസനത്തിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തിലൂടെ സാധ്യത തേടേണ്ടതാണ്	1-17
60	വാട്ടർ അതോറിറ്റിയിൽ നിന്നും റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.	1-18
61	നികുതി / നികുതിയേതര വരവുകൾ - അവലോകനം	1-19
62	പാലിയേറ്റീവ് കെയർ പദ്ധതി - ചെലവ് രേഖകൾ പൂർണമായും ഹാജരാക്കിയില്ല -35800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-20
63	ജില്ലാ ക്യാൻസർ നിയന്ത്രണ പദ്ധതി - ചെലവ് രേഖകൾ ഹാജരാക്കാത്തതതിനാൽ 20000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-21
64	സ്ത്രീ പദവി പഠനം - റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.	1-22
65	ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പദ്ധതി-പൂർത്തീകരണ വിവരം ലഭ്യമല്ല.	1-23
66	നിർമ്മാണം പൂർത്തിയായ മാർക്കറ്റ് കെട്ടിടം ലേലം ചെയ്ത് നൽകി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.	1-24
67	പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.	1-25
68	ലൈഫ് ഭവന പദ്ധതി ജനറൽ, വീട് വാസയോഗ്യമാക്കൽ SCP- നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം.	1-26
69	ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും	1-27
70	ആസ്തി സംരക്ഷണ നടപടികൾ പുരോഗമിക്കുന്നു.	1-28
71	അറ്റകുറ്റപ്പണിക്കായി 2.8 ലക്ഷം രൂപ ചെലവഴിച്ച ബസ് സ്റ്റാന്റ് കെട്ടിടം പ്രയോജനപ്പെടുത്തേണ്ടതാണ്.	1-29
72	പരിസ്ഥിതി സംരക്ഷണത്തിന് നടപടികളില്ല.	1-30
73	കാർഷിക മേഖലയിലെ പ്രോജക്ടുകളുടെ ഫലപ്രാപ്തി ഉറപ്പാക്കേണ്ടതാണ്.	1-31
74	കന്നുകുട്ടി പരിപാലനം - ചെലവഴിക്കാത്ത തുക തിരികെ ഈടാക്കേണ്ടതാണ്.	1-32
75	കറവ പശുക്കൾക്ക് കാലിതീറ്റ വിതരണം- അർഹമായ സബ്സിഡി തുക നൽകിയില്ല.	1-33
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2

3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ / വായ്പാതിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 25.**07.2023ലെ 11(1)-ാം** നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **31.07.2023ൽ** പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **വക്കം** ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വക്കം ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-1 വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ , ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

ILGMS സോഫ്റ്റ് വെയറിൽ അനുപാതങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമല്ലായെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻകയറി 37/31.10.2023ന്റെ മറുപടി).

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ്ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

"Net Increase In Cash And Cash Equivalence" ആയി രേഖപ്പെടുത്തിയ തുകയും (-3005130) "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയ തുകയും (3803735) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

പ്രസ്തുത തുകയിലെ പൊരുത്തക്കേട് പരിശോധിച്ച് ആയത് അടുത്ത AFSതയ്യാറാക്കുമ്പോൾ ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻകയറി 37/31.10.2023ന്റെ മറുപടി).

1-1-3 തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ച് ബി-1 ഷെഡ്യൂളിനോടൊപ്പം സമർപ്പിക്കേണ്ടതായ സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടില്ല.

തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ച ബി-1 ഷെഡ്യൂളിന്റെ അനുബന്ധ സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല.

അടുത്ത വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻകയറി 37/31.10.2023 ന്റെ മറുപടി).

1-1-4 വരവിനേക്കാൾ കൂടുതൽചെലവ് ബുക്ക് ചെയ്തിരിക്കുന്നു - സ്ഥാപനത്തിന്റെ നീക്കിയിരിപ്പ് നെഗറ്റീവ്

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനേക്കാൾ കൂടുതൽചെലവ് ബുക്ക് ചെയ്തിരിക്കുന്നു. (വരവ് 11,15,20,069, ചെലവ് 11,17,30,715).

പ്രസ്തുത വ്യത്യാസം പരിശോധിച്ച് ആയത് അടുത്ത AFS തയ്യാറാക്കുമ്പോൾ ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻകയറി 37/31.10.2023ന്റെ മറുപടി).

1-1-5 ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ചുവടെ പറയുന്ന Fixed Assetsന്റെ ഡിപ്രീസിയേഷൻ Income & Expenditure Statement I-17(a) -ൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11(a) ഷെഡ്യൂളിൽ മുൻ വർഷം വരെയുള്ള Accumulated Depreciation ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ക്രമ നമ്പർ	ഹെഡ് കോഡ്	ഇനം	തുക
1	416100102	Accumulated Depreciation-Roads & Bridges	-2433796
2	416100103	Accumulated Depreciation-Sewerage & Drainage	-89388
3	416100105	Accumulated Depreciation-Public Lighting	-256026
4	416100106	Accumulated Depreciation-Plant And Machinery	-14796
6	416100110	Accumulated Depreciation- Other Fixed Assets	-128181

അടുത്ത AFS തയ്യാറാക്കുമ്പോൾ യഥാവിധി ഡിപ്രിസിയേഷൻ കണക്കാക്കി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻകയറി 37/31.10.2023ന്റെ മറുപടി).

1-1-6 പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, വക്കം (അക്കൗണ്ട് നമ്പർ 57017602007) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ചെക്കിന്റെ കാലാവധിക്കുള്ളിൽ (നല്കി 3 മാസത്തിനുള്ളിൽ), പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ലായെന്ന് കാണുന്നു.

ക്രമ നമ്പർ	ചെക്ക് നമ്പർ തീയതി	തുക
1	533155 /17.01.2022	13,310
2	493850 /29.03.2022	450
3	533155 /10.01.2022	60,998
4	493877 /29.04.2022	6,101
5	493839 /22.03.2022	840
6	493898 /15.06.2022	5,492
7	493934 /30.08.2022	6,029
8	493850 /29.03.2022	6,480
9	493985 /27.12.2022	233
10	533093 /24.08.2021	140
11	533094 /17.08.2021	2,455

12	222127 /16.03.2021	300
13	222314 /23.03.2021	2,380
14	73129 /23.11.2020	239

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നല്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. എന്നാൽ മേൽ ചെക്കുകളുടെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

കാലാവധി കഴിഞ്ഞ ചെക്കുകൾ പരിശോധിച്ച് Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻകയറി 37/31.10.2023ന്റെ മറുപടി).

1-1-7 'Directly Debited By Bank' ആയി രേഖപ്പെടുത്തിയിട്ടുള്ള തുക ക്രമീകരിച്ചിട്ടില്ല.

സബ് ട്രഷറി, കടയ്ക്കാവൂർ(അക്കൗണ്ട് നമ്പർ 799013000000119) അക്കൌണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ Directly Debited By Bank ആയി രേഖപ്പെടുത്തിയിട്ടുള്ള 17030രൂപ തുടർന്നുള്ള മാസങ്ങളിലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലും ക്രമീകരിച്ചതായി കാണുന്നില്ല .

റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ തുക പരിശോധിച്ച്, ആയത് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻകയറി 37/31.10.2023ന്റെ മറുപടി).

1-1-8 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ ക്രെഡിറ്റ് ആകാത്തതിന്റെ വിശദീകരണം ലഭ്യമായില്ല

ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ആകെ 17 ചെക്കുകളിലായി ചുവടെ ചേർക്കുന്ന തുക Cheque Deposited But Not Cleared ആയി രേഖപ്പെടുത്തിയിരിക്കുന്നു. ഇവയിൽ 4/20 മുതൽ 10/21 വരെയുള്ള പഴയ കാലയളവിലുള്ള 6 ചെക്കുകളും ഉൾപ്പെടുന്നു.

ബാങ്ക് അക്കൗണ്ട്	അക്കൗണ്ട് നമ്പർ	തുക
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, വക്കം	57017602007	64,681

പ്രസ്തുത തുക ക്രഡിറ്റ് ആയത്/സ്വീകരിച്ച നടപടികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കി അടുത്ത AFSൽ ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻകയറി 37/31.10.2023ന്റെ മറുപടി).

1-1-9 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രതിമാസം വസ്തു നികുതിക്കും തൊഴിൽ നികുതിക്കും ഡിമാന്റ് നടത്തിയിട്ടില്ല. 2022-23 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ / തീയതി
110100101	Property Tax On Residential Buildings	42200889 /31.03.2023
110100102	Property Tax On Non Residential Buildings	42200890 /31.03.2023

മുൻ വർഷത്തെ AFSന്റെ അടിസ്ഥാനത്തിലാണ് ഡിമാന്റ് രേഖപ്പെടുത്താറുള്ളതെന്നും തുടർന്ന് പ്രസ്തുത ഡിമാന്റിലുണ്ടാകുന്ന ഏറ്റക്കുറച്ചിലിന്റെ അടിസ്ഥാനത്തിൽ മാറ്റം വരുത്തുന്നതും ആ സാമ്പത്തിക വർഷത്തിന്റെ അവസാനം വ്യക്തമായ ഡിമാന്റ് രേഖപ്പെടുത്തി അതത് വർഷത്തെ AFS തയ്യാറാക്കുകയാണ് ചെയ്തുവരുന്നതെന്നും വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻകയറി 37/31.10.2023ന്റെ മറുപടി).

1-1-10 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക്

പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണമായി 2023 മാർച്ചിലെ, ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

വരും വർഷങ്ങളിൽ അപാകം പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻകൃയറി 37/31.10.2023ന്റെ മറുപടി).

1-1-11 പാർട്ട് ബിൽ ആയി നൽകിയ തുക Capital Work In Progress ആയി ഉൾപ്പെടുത്തിയിട്ടില്ല.

ബാലൻസ് ഷീറ്റ് B-11(b) ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിലെ തുക "0" ആണ്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ ന്യൂ എൽപിഎസ് റൈറ്റർവിള സ്കൂൾ ശുചിമുറി നിർമ്മാണം (പ്രോജക്ട് നമ്പർ -138/23, ഫണ്ട് - CFC Tied) പ്രോജക്ടിന്റെ പാർട്ട് ബിൽ ആയി നൽകിയ 2,31,039/- രൂപയ്ക്ക് തത്തുല്യമായ തുക Capital Work In Progress ആയി ഉൾപ്പെടുത്തിയിട്ടില്ല.

പ്രസ്തുത പ്രവൃത്തി 2023-24 വർഷം പൂർത്തിയാക്കിയിട്ടുണ്ടെന്നും തുടർന്നുവരുന്ന വർഷങ്ങളിൽ Capital Work In Progress ശീർഷകത്തിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻകൃയറി 37/31.10.2023ന്റെ മറുപടി).

1-1-12 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിലുള്ള രേഖകൾ ILGMS – ൽ ഉൾപ്പെടുത്തിയിട്ടില്ല.

വിവിധ ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിലുള്ള രേഖകൾ ILGMS – ൽ ഉൾപ്പെടുത്തിയിട്ടില്ല.

ഉദാ :- ഹെഡ് കോഡ് 460100101 Recovery Of Festival Advance Done In 21-22 ലെഡ്ജറിലെ ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ILGMS ൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-13 കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബാങ്ക് അക്കൗണ്ട് തുകയുമായി പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റ് ബി - 4 ഷെഡ്യൂൾ പ്രകാരം CFC Basic Tax Grant – ന്റെ നീക്കിയിരിപ്പ് 17,06,798/- രൂപയും CFC Tied Fund – ന്റെ നീക്കിയിരിപ്പ് 15,73,681/- രൂപയും ചേർത്ത് ആകെ 32,80,479/- രൂപയാണ്. CFC ഗ്രാന്റിനായുള്ള കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ടിലെ (നമ്പർ - 40345101088324) നീക്കിയിരിപ്പ് 21,43,717/- രൂപയാണ്. വ്യത്യാസത്തിന്റെ കാരണം വിശദമാക്കിയിട്ടില്ല.

1-1-14 ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. വരും വർഷങ്ങളിൽ പൊരുത്തപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻകൃയറി നമ്പർ 50/31.10.2023ന്റെ മറുപടി).

1-1-15 പിരിച്ചെടുക്കാനവശേഷിക്കുന്ന വസ്തു നികുതി ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയിൽ (Property Tax On Non -Residential Buildings) ചുവടെ ചേർക്കും പ്രകാരം വ്യത്യാസമുണ്ട്.

ഡിമാന്റ് (I-1)	10,74,908
കളക്ഷൻ [Advance Collection (0) + RP-45]	9,67,939
ബാലൻസ്	1,06,969
ബാലൻസ് B-15 പ്രകാരം	1,55,366
വ്യത്യാസം	48,397

മുൻകാലപ്രാബല്യത്തിൽ വസ്തു നികുതി അസസ്സ് ചെയ്തപ്പോൾ ഉണ്ടായ വ്യത്യാസമാണ് കാരണമെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻകയറി നമ്പർ 50/31.10.2023ന്റെ മറുപടി).

1-1-16 നിക്ഷേപ പ്രവൃത്തിയുടെ വിനിയോഗം അക്കൗണ്ട് ചെയ്തില്ല.

ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കലും ലൈൻ എക്സ്റ്റൻഷനും എന്ന പ്രോജക്ടിനായി കെ.എസ്.ഇ.ബിയിൽ 45835/- രൂപ നിക്ഷേപിച്ചതിൽ, 15397/- രൂപയുടെ വിനിയോഗ സാക്ഷ്യ പത്രം 2022-23 വർഷം ലഭിച്ചിരുന്നു. എന്നാൽ പ്രസ്തുത തുക ചെലവായി അക്കൗണ്ട് ചെയ്യാഞ്ഞതിനാൽ ചുവടെ ചേർക്കും പ്രകാരമുള്ള വ്യത്യാസമുണ്ടായി.

	2021-22 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ്	2022-23 വർഷത്തെ നിക്ഷേപം (സുലേഖ പ്രകാരം)	ആകെ	2022-23 വർഷം വിനിയോഗിച്ചത് /തിരികെ ലഭിച്ചത്	നീക്കിയിരിപ്പ്	2022-23 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ്
കെ.എസ്.ഇ.ബി.	1072479	383464	1455943	15397	1440546	1455943

വിനിയോഗ വിവരം അക്കൗണ്ട് ചെയ്യാത്തതിനാൽ ബാലൻസ് ഷീറ്റിലുണ്ടായ വ്യത്യാസം അടുത്ത AFS തയ്യാറാക്കുന്ന അവസരത്തിൽ ക്രമീകരിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻകയറി നമ്പർ 16/28.10.2023ന്റെ മറുപടി).

1-1-17 സംയുക്ത പ്രോജക്ടിനായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിച്ചത് തെറ്റായി അക്കൗണ്ട് ചെയ്തു.

സംയുക്ത പ്രോജക്ടിനായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 5,13,263/- രൂപ ചെലവഴിച്ചിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ പേര്	ചെലവ്
സ്നേഹസ്പർശം	190000
അനുപൂരക പോഷകാഹാര പരിപാടി - ജനറൽ	100000
പാലിന് സബ്സിഡി - ജനറൽ	211263
ലൈഫ്	12000
ആകെ	513263

നീക്കിയിരിപ്പിലെ വ്യത്യാസത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

	2021-22 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ്	തൻവർഷത്തെ വരവ് (I6 + Capital Contribution)	ആകെ	സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ്	നീക്കിയിരിപ്പ്	2022-23 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	431334	501263	932597	513263	419334	431334

2022-23 വർഷം, ലൈഫ് ഗുണഭോക്താക്കൾക്ക് ടോയിലറ്റ് നിർമ്മിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉപയോഗിച്ചുള്ള അധിക ധനസഹായം എന്ന പ്രോജക്ടിൽ (നമ്പർ 17/23) ബ്ലോക്ക് വിഹിതമായി ലഭിച്ച 36000/- രൂപ വകയിരുത്തുകയും, അതിൽനിന്ന് 12000/- രൂപ ചെലവഴിക്കുകയും ചെയ്തിരുന്നതായും പ്രസ്തുത തുക 251130001 എന്ന ഹെഡിലേക്ക് തെറ്റായി പേയ്മെന്റ് ചെയ്തത് കാരണം B-4 ഷെഡ്യൂളിൽ വ്യത്യാസമുണ്ടായതായും പ്രസ്തുത അപാകം അടുത്ത AFS തയ്യാറാക്കുന്ന അവസരത്തിൽ ക്രമീകരിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻകയറി നമ്പർ 17/28.10.2023ന്റെ മറുപടി).

1-1-18 വായ്പ അക്കൗണ്ട് ചെയ്തതിലെ അപാകം

KURDFCവായ്പ അക്കൗണ്ട് ചെയ്തതിൽ ചുവടെ ചേർക്കുംപ്രകാരം അപാകമുണ്ട്.

വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (2021-22 B-5 ഷെഡ്യൂൾ പ്രകാരം)	തൻവർഷം ലഭിച്ച തുക (RP -31 പ്രകാരം)	തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം)	തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (2022-23 B-5 ഷെഡ്യൂൾ പ്രകാരം)
3950612	100000	610981	3745121

RP -31, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക (3950612 +100000 – 610981) 34,39,631/- രൂപയാണ്. എന്നാൽ, B-5 ഷെഡ്യൂളിൽ 37,45,121/- രൂപയാണ് നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം 3,05,491/- രൂപയുടെ വ്യത്യാസമുണ്ട്. 2022-23വർഷം 3,05,490/- രൂപയ്ക്ക് മാത്രമാണ് ജി.ഒ. പ്രോജക്ട് രൂപീകരിച്ചതെന്നും പ്രസ്തുത തുകയാണ് വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിച്ചതെന്നും പ്രസ്തുത വ്യത്യാസം 2023-24 വർഷം സുലേഖയിൽ ക്രമീകരിച്ചതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻകയറി നമ്പർ 18/28.10.2023ന്റെ മറുപടി).

1-2-0 ബജറ്റ്

	ബജറ്റ്	റിവൈസ്ഡ് ബജറ്റ്
അംഗീകരിച്ച തീയതി	31.03.2022	23.03.20232
ഭരണസമിതി തീരുമാനം	1/1	6/1
മുന്നിരിപ്പ്	497735	(-)873086
പ്രതീക്ഷിത വരവ്	118220500	126822964
ആകെ	118718235	125949878
പ്രതീക്ഷിത ചെലവ്	118064000	125427256
നീക്കിയിരിപ്പ്	654235	522622

1-2-1 ബജറ്റ് - അപാകങ്ങൾ

1) ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി തീയതി 02.12.2016നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച, ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖണ്ഡിക 3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

I) ബജറ്റ് പ്രസംഗം

Ii) ബജറ്റ് കുറിപ്പുകൾ (Annexure 6)

Iii) പെർഫോമൻസ് ബജറ്റ് (Annexure 10)

Iv) ജെൻഡർ ബജറ്റ് (Annexure 11)

V) ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

ബജറ്റ് പ്രസംഗം ഒഴികെ, മറ്റ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2) ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി

മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ, പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാനുവൽ ഖണ്ഡിക 4-4]. ബജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

വരും വർഷങ്ങളിൽ ഫിനാൻസ് മാനേജ്മെന്റ് മാനുവലിലെ കാര്യക്രമം കൂടുതൽ കർശനമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻകയറി നമ്പർ 02/26.10.2023).

3) ബജറ്റ് തയ്യാറാക്കുന്നതിനായി തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറണ്ട് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ്, ചാർജ്) തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടിക രൂപത്തിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. കൃഷി ഓഫീസർ, എച്ച്.എം, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടേതൊഴികെ, ഘടകസ്ഥാപനങ്ങളിൽ നിന്നുള്ള ആവശ്യകതാ പട്ടിക ലഭ്യമാക്കിയില്ല.

4)1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്താരവും, വാസ്തവികവുമായിരിക്കേണ്ടതാണ്. ബജറ്റ് പ്രകാരമുള്ള തനത് ഇനങ്ങളുടെ പ്രതീക്ഷിത വരവ് വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവിനേക്കാൾ വളരെ കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ്	വാർഷികധനകാര്യ പത്രിക പ്രകാരമുള്ള വരവ്
1101001	വസ്തു നികുതി	25,00,000	23,40,126
1102001	തൊഴിൽ നികുതി	10,00,000	9,05,340
1301001	സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക	3,50,000	2,59,656

വരും വർഷങ്ങളിലെ ബജറ്റിൽ കൂടുതൽ യാഥാർത്ഥ്യതയോടെ വരവുകൾ അനുമാനിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട്.

ബജറ്റ് തയ്യാറാക്കുമ്പോൾ ബജറ്റ് മാനുവലിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

മുന്നിരിപ്പ്	71,77,662
ഓഡിറ്റ് വർഷത്തെ വരവ്	2,25,35,571
ആകെ	2,97,13,233
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	2,55,40,701
നീക്കിയിരിപ്പ്	41,72,532

1-4-0 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്

വികസനഫണ്ട് (ജനറൽ)	0	10395134	10395134	10508063	(-)112929
വികസനഫണ്ട് (എസ്.സി.പി)	0	5427625	5427625	5087742	339883
വികസനഫണ്ട് (CFC Tied)	0	3728580	3728580	3648404	80176
വികസനഫണ്ട് (CFC Untied)	0	2569432	2569432	2393123	176309
മെയിന്റനൻസ് ഫണ്ട് (റോഡ്)	0	8260000	8260000	6719951	1540049
മെയിന്റനൻസ് ഫണ്ട് (റോഡിതരം)	0	4572000	4572000	3247337	1324663
CSS	0	0	0	929318	(-)929318
SSS	0	0	0	60000	(-)60000

1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

1)ചുവടെ ചേർക്കുന്ന ഗ്രാന്റുകളുടെ 2022-23 വർഷത്തെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവുകളും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

Fund/Grant	Item	Expenditure
വികസന ഫണ്ട് (ജനറൽ)	ഗ്രാന്റ് സ്റ്റേറ്റ്മെന്റ്	10508063
	ACR + Source Deduction (1270766)	10513063
	വാർഷിക ധനകാര്യ പത്രിക (I-6+ Corresponding Capital Contribution)	10011380
വികസന ഫണ്ട് (SCP)	ഗ്രാന്റ് സ്റ്റേറ്റ്മെന്റ്	5087742
	ACR + Source Deduction(172415)	5087742
	വാർഷിക ധനകാര്യ പത്രിക (I-6+ Corresponding Capital Contribution)	5001535
മെയിന്റനൻസ് ഫണ്ട് (റോഡ്)	ഗ്രാന്റ് സ്റ്റേറ്റ്മെന്റ്	6719951
	ACR	7515356
	വാർഷിക ധനകാര്യ പത്രിക (I-6+ Corresponding Capital Contribution)	4855275
മെയിന്റനൻസ് ഫണ്ട് (റോഡിതരം)	ഗ്രാന്റ് സ്റ്റേറ്റ്മെന്റ്	3247337
	ACR	3247337
	വാർഷിക ധനകാര്യ പത്രിക (I-6+ Corresponding Capital Contribution)	2038472

Source Deduction തുകയായ 774083 രൂപയും 86207 രൂപയും ജി.ഒ. പ്രോജക്ടായി ഉൾപ്പെടുത്താതിരുന്നത് 2023-24 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയതായി വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻകയറി നമ്പർ 11/27.10.2023ന്റെ മറുപടി).

2)സ.ഉ (കൈ) നം. 84/2022 / ത.സ്വ.ഭ.വ തീയതി 19.04.2022 ഉത്തരവ് ഖ.6.1 പ്രകാരം പട്ടിക ജാതി ഉപപദ്ധതി

വിഹിതമായി സംസ്ഥാന ബജറ്റ് അലോക്കേഷൻ പ്രകാരം ലഭിക്കുന്ന തുക പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്കായി വിവിധ പദ്ധതികൾ തയ്യാറാക്കേണ്ടതും പ്രസ്തുത വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ബജറ്റ് അലോക്കേഷൻ പ്രകാരം പട്ടിക ജാതി ഉപപദ്ധതി വിഹിതമായി വകയിരുത്തിയ 5600040 രൂപയിൽ 5087742രൂപയാണ് ചെലവഴിച്ചിട്ടുള്ളത് (ചെലവ് - 91%). മുൻ വർഷം പട്ടിക ജാതി ഉപപദ്ധതി വിഹിതമായി വകയിരുത്തിയ തുക പൂർണമായും ചെലവഴിക്കാഞ്ഞതിനാൽ 1,21,040 രൂപ 2022-23 വർഷം പദ്ധതി വിഹിതത്തിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. വരും വർഷങ്ങളിൽ തുക പൂർണമായും ചെലവഴിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

3) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ടിന്റെയും സംസ്ഥാനാവിഷ്കൃത ഫണ്ടിന്റെയും വരവ് "0" യും നീക്കിയിരിപ്പ് നെഗറ്റീവുമായാണ് കാണിച്ചിട്ടുള്ളത്.

4)ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

മേഖല	വിഭാഗം	അടങ്കൽ (മറ്റുള്ളവ ഒഴികെ)	ചെലവ് (മറ്റുള്ളവ ഒഴികെ)	ചെലവ് %
ഉല്പാദനം	പൊതുവിഭാഗം	3757600	2764260	74
	പട്ടിക ജാതി വിഭാഗം	69000	43800	63
സേവനം	പൊതുവിഭാഗം	26482056	15407684	58
	പട്ടിക ജാതി വിഭാഗം	7456490	4589874	62
പശ്ചാത്തലം	പൊതുവിഭാഗം	14086662	10188351	72
	പട്ടിക ജാതി വിഭാഗം	578565	454068	78

വരും വർഷങ്ങളിൽ പൂർണമായും ചെലവഴിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

5)സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്ത് ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

വിഭാഗം	അടങ്കൽ തുക (മറ്റുള്ളവ ഒഴികെ)	ചെലവഴിച്ച തുക (മറ്റുള്ളവ ഒഴികെ)	ചെലവ് ശതമാനം
വനിത ഘടക പദ്ധതി	1772364	1426144	80
കുട്ടികൾ	465000	433024	93
വൃദ്ധർ	1012383	639718	63
ഭിന്നശേഷിയുള്ളവർ	615070	545070	89
പാലിയേറ്റീവ് കെയർ രോഗികൾ	924644	828926	90

6) സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച

താഴെപ്പറയുന്ന തുക 2022-23 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. 2021-22 വാർഷിക ധനകാര്യപത്രിക ബി-4 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന ഹെഡിലുള്ള ഗ്രാന്റുകൾ/ ഫണ്ടുകൾ എന്നിവ 2022-23 വർഷത്തിലും ചെലവഴിക്കാതെ അവശേഷിക്കുന്നു.

കോഡ്	തദ്ദേശ സ്ഥാപനം	തുക
320700204	ബ്ലോക്ക് പഞ്ചായത്ത്	431334

വരും വർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ച് ചെലവഴിക്കുന്നതിനും അല്ലാത്തവ തിരികെ ഒടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

7) പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants / Contributions തുകകൾ 2022-23 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2022-23 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക
320400199	Grants, Funds & Contributions For Specific Purposes – Other Financial Institutions	1300600
320500101	Grants, Funds & Contributions For Specific Purposes – Welfare Bodies - Capital	392319

വരും വർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ച് ചെലവഴിക്കുന്നതിനും അല്ലാത്തവ തിരികെ ഒടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

8) ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം, ഗുണഭോക്തൃ വിഹിതത്തിൽ പിരിച്ചെടുത്ത 3,34,671/- രൂപ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു.

പ്രസ്തുത തുക, 5026 രൂപയുടെ പ്രാരംഭബാക്കിയും ജലജീവൻ മിഷൻ ഗുണഭോക്തൃ വിഹിതമായ 32946 രൂപയും ചേർന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട്.

9) RP-30 ഷെഡ്യൂൾ പ്രകാരം 2022-23 വർഷം വരവ് വന്ന ചുവടെ ചേർക്കുന്ന ഗ്രാന്റ് തുക തൻവർഷം ചെലവഴിച്ചിട്ടില്ല.

ഹെഡ് കോഡ്	ഇനം	തുക
320100202	Grants For Specific Purposes – Health Grant Towards Conversion Of PHCs And Subcentres In To Health And Wellness Centres	180452

രോഗ നിർണയ സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി പദ്ധതി ആവിഷ്കരിച്ചിരുന്നുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ നടപ്പാക്കാൻ കഴിഞ്ഞില്ലെന്നും പ്രസ്തുത പദ്ധതി സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വിശദീകരിച്ചിട്ടുണ്ട്.

10)സ.ഉ.(കൈ) നം.179/2022/ധന തീയതി 18.10.2022 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് ചെയ്യപ്പെടുന്നതിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകൾക്ക് മൂന്നാം ഗഡുവായി അനുവദിക്കുന്ന വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും ഒരു ശതമാനം കുറവ് വരുത്തുന്നതാണെന്നുണ്ട്. ഇപ്രകാരം, സ.ഉ (സാധാ)നം. 1049/2023/ധന തീയതി 13.02.2023 ഉത്തരവിൽ വികസനഫണ്ടിൽ നിന്നും 1,19,060 രൂപ കുറവ് ചെയ്തിട്ടുണ്ട്.

1-5 പദ്ധതി അവലോകനം

ഫണ്ട് വിനിയോഗം


2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ഫണ്ട്	2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ	2022-23-ൽ ചെലവഴിച്ച തുക (സുലേഖ	ലാപ്സായ തുക

	വിവിധ ഗവ. ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന തുക	ചെലവ് പത്രിക പ്രകാരം)	
വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം	11784960	10508063	1276897
വികസനഫണ്ട് എസ്.സി.പി	5600040	5087742	512298
മെയിന്റനൻസ് റോഡ്	8260000	6719951	1540049
മെയിന്റനൻസ് റോഡിതരം	4572000	3247337	1324663
ആകെ	**30217000**	**25563093**	**4653907**

ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.

(1)



(2)



ബജറ്റ് വിഹിതമായി ലഭിച്ച തുക ലാപ്സായത് സംബന്ധിച്ചുള്ള വിഷയം പരിശോധിക്കുന്നതും, വരും വർഷങ്ങളിൽ പദ്ധതി തുക പൂർണമായും ചെലവഴിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻകയറി നമ്പർ 11/27.10.2023ന്റെ മറുപടി).

1) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ))

നിർവ്വഹണ ഉദ്യോഗസ്ഥർ	ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ)	ആകെ പദ്ധതി ചെലവ്	ചെലവ് ശതമാനം
കൃഷി ഓഫീസർ	8	7	1	1496400	1240400	83
വെറ്റിനറി സർജൻ	11	11	0	1463600	972968	66
മെഡിക്കൽ ഓഫീസർ – സി.എച്ച്.സി	7	6	1	1355008	1080425	80
മെഡിക്കൽ ഓഫീസർ – ഹോമിയോ	1	1	0	175000	175000	100
മെഡിക്കൽ ഓഫീസർ – ആയുർവേദം	2	2	0	705000	705000	100
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	17	12	5	11976000	4944000	41
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	12	11	1	3069834	2753455	90
സെക്രട്ടറി	36	26	10	6038405	5140652	85
അസിസ്റ്റന്റ് എഞ്ചിനീയർ	57	44	13	22115288	13198224	60
എച്ച്.എം.	5	5	0	970700	917268	94
ഡയറിഫാം ഇൻസ്ട്രക്ടർ	1	1	0	800000	586263	73
അസിസ്റ്റന്റ് സെക്രട്ടറി	9	7	2	2199538	1680842	76
ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	1	1	0	65600	64000	98

I) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആകെ വകയിരുത്തിയ ഫണ്ടിന്റെ 41% മാത്രമാണ് ചെലവഴിച്ചത്.

Ii)അസിസ്റ്റന്റ് എഞ്ചിനീയർ 57 മരാമത്ത് പ്രവൃത്തികൾക്കായി അംഗീകാരം വാങ്ങിയെങ്കിലും 13 പ്രവൃത്തികൾ നടപ്പാക്കിയില്ല. ഇതിൽ 31/23, 32/23, 37/23 എന്നീ സ്പിൽ ഓവർ പ്രവൃത്തികളും ഉൾപ്പെടുന്നു.

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

ഫണ്ട്	വകയിരുത്തിയ തുക	ചെലവ് തുക	ശതമാനം
പൊതുവിഭാഗം (ജനറൽ)	13061625	10508063	80
എസ്.സി.പി.	6147455	5087742	83
ധനകാര്യ കമ്മിഷൻ അവാർഡ്	8472393	6041527	71

കേന്ദ്രാവിഷ്കൃത ഫണ്ട്	3096834	929318	30
സംസ്ഥാനാവിഷ്കൃത ഫണ്ട്	2060000	60000	3
തനത് ഫണ്ട്	422340	0	0
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	1842400	513263	28
ജില്ലാ പഞ്ചായത്ത് വിഹിതം	1577848	272000	17
മെയിന്റനൻസ് റോഡ്	9970000	6719951	67
മെയിന്റനൻസ് റോഡിതരം	5521317	3247337	59
മറ്റുള്ളവ	34460023	350083	1
ആകെ	86890396	33808580	39

ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി)	ആകെ പദ്ധതി ചെലവ്	ചെലവ് ശതമാനം
167	134	33	52430373	33458497	64

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1അനുസരിച്ച് ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുള്ളതായും, പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻകയറി നമ്പർ 20/28.10.2023ന്റെ മറുപടി).

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു.

24.01.2022, 24.06.2022 എന്നീ തീയതികളിൽ ആസൂത്രണ സമിതി യോഗം കൂടിയിട്ടുണ്ട്. പ്രസ്തുത യോഗങ്ങളിൽ യഥാക്രമം 6ഉം 7ഉം അംഗങ്ങളാണ് പങ്കെടുത്തത്.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പുനഃസംഘടിപ്പിച്ചിട്ടുണ്ട് (ഭരണ സമിതി തീരുമാനം നമ്പർ 4/1 തീയതി 23.12.2021)

വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ നാമ മാത്രമായ പ്രാതിനിധ്യമാണ് യോഗങ്ങളിലുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

വർക്കിംഗ് ഗ്രൂപ്പ്	അംഗങ്ങളുടെ എണ്ണം	യോഗ തീയതി	പങ്കെടുത്തവരുടെ എണ്ണം
പൊതുഭരണവും ധനകാര്യവും	16	16.05.2022	5
		24.06.2022	5
മൃഗസംരക്ഷണവും ക്ഷീര വികസനവും	15	13.01.2022	7
		16.05.2022	4
കുടിവെള്ളം ശുചിത്വം	16	16.05.2022	6
		24.06.2022	7

കൃഷി	15	24.01.2022	2
		16.05.2022	6

ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധനയിൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശവും ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വർക്കിംഗ് ഗ്രൂപ്പ്	തീയതി	നിർദ്ദേശം	സ്വീകരിച്ച നടപടി (അവലംബം - ഓഡിറ്റ് എൻകയറി നമ്പർ **20/28.10.2023**ന്റെ മറുപടി)
I	വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം	13.01.2022	പുളിവിളാകം എൽപിബിഎസ് പഴയ കെട്ടിടം ഫിറ്റ്നസ് ലഭിക്കാത്ത സാഹചര്യത്തിൽ അടിയന്തിര നടപടി ഉണ്ടാകണം.	ഫണ്ടിന്റ അപര്യാപ്തത കാരണം നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ല.
Ii	വനിത വികസനം	16.05.2022	അങ്കണവാടികളിൽ കുട്ടികൾക്ക് ഔട്ട്ഡോർ കളിയുപകരണങ്ങൾ സ്ഥാപിക്കുക. സ്ഥലം കിട്ടിയ അങ്കണവാടികൾക്ക് (നമ്പർ 87, 95) കെട്ടിട നിർമ്മാണ ഫണ്ട് അനുവദിക്കുക.	
Iii	ജൈവ വൈവിധ്യ മാനേജ്മെന്റ്	24.06.2022	കായൽ തീരങ്ങൾ സംരക്ഷിക്കുകയും ചതുപ്പ് പ്രദേശങ്ങളിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുകയും ചെയ്യുക.	

സ്റ്റാറ്റസ് റിപ്പോർട്ട്

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ഏതാനും പ്രശ്നങ്ങളും സ്വീകരിച്ച പരിഹാര നടപടികളും ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	മേഖല	തീവ്രത	പ്രശ്നം	സ്വീകരിച്ച പരിഹാര നടപടി (അവലംബം ഓഡിറ്റ് എൻകയറി നമ്പർ

				20/28.10.2023ന്റെ മറുപടി)
I	കൃഷി	അതീവ ഗുരുതരം	തെങ്ങ് കൃഷി ഉല്പാദന ക്ഷമത / ഉല്പാദന കുറവ്. തൊഴിലാളികളുടെ കുറവ്.	ഫണ്ടിന്റെ അപര്യാപ്തത കാരണം പദ്ധതി രൂപീകരിച്ചില്ല.
Ii	പൊതുഭരണവും ധനകാര്യവും	ഗുരുതരം	ജീവനക്കാരുടെ അമിതമായ ജോലിഭാരം കാരണം യഥാസമയം ജോലികൾ ചെയ്തു തീർക്കാൻ സാധിക്കുന്നില്ല. ഗുണനിലവാരമില്ലാത്ത സേവനം.	ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിന് വകുപ്പ് അധികാരികളോട് അവശ്യപ്പെട്ടിട്ടുണ്ട്.
		ഗുരുതരം	ഗ്രാമപഞ്ചായത്തോഫീസിനെ സംബന്ധിച്ച വിവരങ്ങൾ, ലഭ്യമാകുന്ന സേവനങ്ങൾ, ഘടക സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ	ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.
Iii	വിദ്യാഭ്യാസം	അതീവ ഗുരുതരം	സ്കൂളുകൾക്കാവശ്യമായ ഫർണിച്ചർ.	പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ട്.
Iv	ആരോഗ്യം	ഗുരുതരം	ഹോമിയോ ഡിസ്പെൻസറിയുടെ സ്ഥല പരിമിതി.	ഫണ്ടിന്റെ അപര്യാപ്തത കാരണം പദ്ധതി രൂപീകരിച്ചില്ല.

മേൽ പരിഹാര നടപടികളിലെ പോരായ്മകൾ വരും വർഷങ്ങളിൽ പരിഹരിച്ച് പദ്ധതി പ്രവർത്തനം കൂടുതൽ ജാഗ്രതയോടെ നടത്തണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സിന്റെ (വാർഡ് 9, 10, 11, 12) പരിശോധനയിൽ, പ്രസ്തുത വ്യവസ്ഥ/ നിബന്ധനകൾ പാലിച്ചിട്ടുള്ളതായി കാണുന്നില്ല..

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്. എന്നാൽ, ഇപ്രകാരം ഗ്രാമസഭയിൽ കണക്കുകൾ അവതരിപ്പിച്ചിട്ടില്ല.

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്ത് വ്യക്തത വരുത്താവുന്നതാണ്. എന്നാൽ, വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്തിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് തൻവർഷം പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് തൻവർഷം പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല.

CSRഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ഇനത്തിൽ പാലിയേറ്റീവ് കുടുംബസംഗമത്തിന് ഫണ്ട് ലഭിച്ചതായി അറിയിച്ചിട്ടുണ്ട്.

ആസ്തി രജിസ്റ്റർ

മാർഗ്ഗരേഖ ഖണ്ഡിക 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ ലഭ്യമാക്കിയെങ്കിലും പ്രസ്തുത രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

പദ്ധതി വിഹിതത്തിലൂടെ ഗ്രാമപഞ്ചായത്തിന്റെ വികസന ലക്ഷ്യങ്ങൾ പൂർണമായി നേടുന്നതിനും ലഭ്യമാകുന്ന തുക പാഴാക്കാതെ പൂർണമായി ചെലവഴിക്കുന്നതിനും കൂടുതൽ തുക നിയമാനുസൃത മാർഗ്ഗേന ലഭ്യമാക്കുന്നതിനും സർക്കാർ ഉത്തരവുകൾ, മാർഗരേഖ എന്നിവ കൃത്യമായി അനുവർത്തിക്കേണ്ടതിന്റെ ആവശ്യകത ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും പ്രത്യേകം ഉൾക്കൊള്ളേണ്ടതുണ്ട് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

1-6-0 ക്ഷേമ പദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	467600	356
വിധവ പെൻഷൻ	9581400	1000
വാർദ്ധക്യകാല പെൻഷൻ	19871100	2259
വികലാംഗ പെൻഷൻ	2874800	271
അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	377000	37
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	120000	4

1-6-1 പെൻഷൻ വിതരണം സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

എ) ഓഡിറ്റിന് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾക്കായി ആകെ 3923 ഗുണഭോക്താക്കളുണ്ട്. മരണപ്പെടുന്നതും പുനർവിവാഹം ചെയ്യുന്നതുമായ പെൻഷൻ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം ബന്ധപ്പെട്ട പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് 23.09.2020 തീയതിയിലെ ജി.ഒ (എം.എസ്) നം. 97/2020/ധന നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം 2022-23 സാമ്പത്തിക വർഷം പെൻഷൻ ഗുണഭോക്താക്കളെ സംബന്ധിച്ച് നടത്തിയ പരിശോധനകളുടെയും അവയുടെ അടിസ്ഥാനത്തിൽ പെൻഷൻ സോഫ്റ്റ്വെയറിൽ നിന്നും ഒഴിവാക്കിയവരുടെയും റിപ്പോർട്ട് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (45/31.10.2023) പ്രസ്തുത വിവരങ്ങൾ അങ്കണവാടി/ ആശാവർക്കർ മുഖാന്തിരം ശേഖരിച്ച് പെൻഷൻ സോഫ്റ്റ്വെയറിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ബി) എല്ലാ പ്രാദേശിക സർക്കാർ പരിധിക്കുള്ളിലും മരണപ്പെടുന്നവരുടെ വിവരങ്ങൾ മൂന്ന് മാസത്തിലൊരിക്കൽ വീഴ്ചകൂടാതെ ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പിൽ അറിയിക്കേണ്ടതാണെന്നും പ്രസ്തുത ഡാറ്റ ഇൻഫർമേഷൻ കേരള മിഷൻ "സേവനയുമായി" പരിശോധന നടത്തേണ്ടതും മരണപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്തുന്ന പക്ഷം ആയത് ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണെന്ന് 02.08.2021 തീയതിയിലെ 63/2021/ധന നമ്പർ സർക്കുലറിൽ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ അടിയന്തിരമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (45/31.10.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സി) ഗുണഭോക്താവ് മരണപ്പെട്ടാൽ അവരുടെ അവകാശികളോ അടുത്ത ബന്ധുക്കളോ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാറിൽ വീഴ്ച കൂടാതെ അറിയിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യുന്നതിനായി സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ/അപേക്ഷകരിൽ നിന്നും സത്യപ്രസ്താവന വാങ്ങേണ്ടതാണെന്നും മേൽ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം പെൻഷൻ ഗുണഭോക്താക്കളിൽ സത്യപ്രസ്താവനകൾ വാങ്ങി സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (45/31.10.2023)

സത്യപ്രസ്താവനകൾ വാങ്ങിസൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും അനർഹർ / മരണപ്പെട്ടവർ പെൻഷൻ കൈപ്പറ്റുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതുമാണ്.

1-6-2 മരണശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിക്കുന്നു.

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ടുകളിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റ് പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയതിൽ മരണശേഷവും പെൻഷൻ അനുവദിക്കുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പെൻഷൻ ഐഡി	പേര്	മരണപ്പെട്ട തീയതി	പെൻഷൻ വിഭാഗം	പെൻഷൻ അനുവദിച്ച കാലയളവ്	സ്റ്റാറ്റസ്	അധികമായി അനുവദിച്ച തുക
1	102420202184	സുശീന്ദ്രനാഥൻ	08/05/2022	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	06/2022 മുതൽ 06/2023 വരെ	ആക്ടീവ്	20800 (1600x 13)
2	102420202542	സോമൻ.ആർ	30/03/2022	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	04/2022 മുതൽ 06/2023 വരെ	ആക്ടീവ്	24000 (1600X15)
3	102420202120	സുധീശൻ	21/06/2022	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	07/2022 മുതൽ 11/2022 വരെ	സസ്പെൻഡ്	3000 (600x5)
4	102420202167	അബ്ദുൽഹമീദ്	15/02/2022	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	03/2022 മുതൽ 06/2023 വരെ	ആക്ടീവ്	10800 (600x18)
5	102420100041	അനിരുദ്ധൻ.ആർ	02/02/2022	കർഷക തൊഴിലാളി പെൻഷൻ	03/2022 മുതൽ 06/2023 വരെ	ആക്ടീവ്	28800 (1600 X18)
6	102420200587	ശ്യാമള	21/01/2022	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	02/2022 മുതൽ 11/2022 വരെ	ആക്ടീവ് *	16000 (1600 X10)

* പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണെങ്കിലും സേവന സോഫ്റ്റ്വെയറിൽ "No Such Account" എന്നു രേഖപ്പെടുത്തിയിട്ടുള്ളതിനാൽ 12/2022 മുതൽ പെൻഷൻ തുക കൈമാറിയിട്ടില്ല.

മേൽ വ്യക്തികളുടെ പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡ് ചെയ്തതായും, മരണശേഷം അനുവദിച്ച തുക തിരികെ പെൻഷൻ അക്കൗണ്ടിലേയ്ക്ക് അടവാക്കുന്നതിന് ബാങ്കിന് അറിയിപ്പ് നൽകിയതായും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (44/31.10.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സർക്കുലർ നമ്പർ 23/2023/ധന തീയതി 08.03.2023 പ്രകാരം 2022 ഡിസംബർ മാസം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ടതിൽ, പ്രാദേശിക സർക്കാരിലെ രേഖകൾ പ്രകാരം മരണം രജിസ്റ്റർ ചെയ്യപ്പെട്ടവരിൽ ആരും തന്നെ പെൻഷൻ കൈപ്പറ്റിയിട്ടില്ല എന്ന് വ്യക്തമാക്കിക്കൊണ്ടുള്ള ഒരു സർട്ടിഫിക്കറ്റ് എല്ലാ പ്രാദേശിക സർക്കാർ സെക്രട്ടറിമാരും 25.03.2023 നകം സർക്കാരിൽ ലഭ്യമാക്കേണ്ടതും സേവന പോർട്ടലിൽ അപ്ലോഡ് ചെയ്യേണ്ടതുമാണ് എന്ന നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. തുടർന്നും മരണശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

ഇപ്രകാരം അനർഹമായി പെൻഷൻ തുക അനുവദിച്ചതിൽ സ്വീകരിച്ച നടപടിയുടെ റിപ്പോർട്ട്

അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.10.2023, 10.20AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12,287രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെ മെച്ചപ്പെടേണ്ടതുണ്ട്. ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ ശ്രദ്ധയുണ്ടാകേണ്ടതാണ്.

1)ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്.

എ)ഓഫീസ് ഉത്തരവ് നമ്പർ 27/08.04.2022 പ്രകാരം, ഫീൽഡ് ചുമതലയുള്ള ക്ലാർക്കുമാർ അവരവർക്ക് ചുമതലയുള്ള വാർഡുകളിലെ ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് തിരിച്ച് തയ്യാറാക്കാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ തുടർനടപടികൾ സ്വീകരിച്ചില്ല. ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് തിരിച്ച് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻകൃയറി നമ്പർ 27/30.10.2023ന്റെ മറുപടി).

ബി)ഓഫീസ് ഉത്തരവ് നമ്പർ 34/17.05.2022, 38/15.06.2022 എന്നിവ പ്രകാരം ILGMS ഫയലുകളുടെ പെന്റിംഗ് പൂർണമായി ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നടപടി സ്വീകരിച്ചുവരുന്നതായാണ് വിശദീകരണം.

സി)ഓഫീസ് ഉത്തരവ് നമ്പർ 43/16.08.2022, 47/29.09.2022 എന്നിവ പ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള മുഴുവൻ വ്യാപാര സ്ഥാപനങ്ങളെയും ലൈസൻസ് എടുപ്പിക്കാനുള്ള നടപടകൾ സ്വീകരിക്കാനും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യാനും ഉത്തരവായിട്ടുണ്ട്. നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദീകരിച്ചിട്ടുണ്ട്.

2)കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗുകൾ നടത്തിയിട്ടില്ല. ഉദാഹരണമായി, 17.05.2022, 12.07.2022, 10.08.2022, 06.10.2022 എന്നീ തീയതികളിലാണ് മീറ്റിംഗുകൾ നടന്നിട്ടുള്ളത്.

എ)റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടില്ല.

ബി)ILGMS പെന്റിംഗ് ഫയലുകൾ തീർപ്പാക്കുന്നതിന് 10.08.2022ലെ സ്റ്റാഫ് മീറ്റിംഗിൽ നിർദ്ദേശമുണ്ട്.

3) 2004ലെ കേരള പഞ്ചായത്ത് രാജ് (പൌരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൌരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2022 വർഷം പൌരാവകാശരേഖ പുതുക്കി പൊതുജനങ്ങൾക്ക് വിതരണം ചെയ്തിട്ടില്ല.

4)ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം, ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം. ഇപ്രകാരം മോണിറ്ററിംഗ് സമിതി രൂപീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

5) ISO സർട്ടിഫിക്കേഷന്റെ കാലാവധി 14.02.2022ൽ കഴിഞ്ഞിരുന്നതായും പുതുക്കുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്.

6)ഇൻകുംബൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

7) ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും നിലവിൽ പ്രവർത്തനക്ഷമമല്ല.

8)വാർഷിക കണക്കുകൾ തയ്യാറാക്കിയതിലെ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

9)ഗ്രാന്റുകളുടെ പൂർണമായ വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

10)വസ്തു നികുതി സംബന്ധിച്ച അപാകങ്ങൾ പരിഹരിക്കാൻ നടപടികളുണ്ടാകണം.

11)തനത് വരുമാന വർദ്ധനവിനായി ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

12)കാർഷിക മേഖലയിലെ പ്രോജക്ടുകളുടെ ഫലപ്രാപ്തി ഉറപ്പാക്കേണ്ടതാണ്.

1-9-0 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	2100	776391	778491	772436	6055
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	31756260	31756260	31756260	0
ആകെ	2100	32532651	32534751	32528696	6055

1-9-1 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ ശ്രദ്ധിക്കേണ്ട വിഷയങ്ങൾ

2022- 23 വർഷം പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

വാർഡുകളുടെ എണ്ണം	മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ	പൊതു ആസ്തി വികസന പ്രവൃത്തികൾ	വ്യക്തിഗത ആസ്തി വികസന പ്രവൃത്തികൾ	ആകെ
14	92	0	32	124

2022-23 സാമ്പത്തിക വർഷത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർവ്വഹണം നടത്തിയ പ്രവൃത്തികളിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) മൂല്യ നിർണയ സാക്ഷ്യപത്രങ്ങളിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല.

2) നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫ് പല ഫയലിലും ചേർത്തിട്ടില്ല. ഇതിനാൽ തന്നെ പ്രവൃത്തികളുടെ ഘട്ടങ്ങൾ കൃത്യതയോടെ വിലയിരുത്താൻ സാധിക്കാത്ത സാഹചര്യമുണ്ട്. പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ്, പ്രവൃത്തി നടന്നു കൊണ്ടിരിക്കുമ്പോൾ, പ്രവൃത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ തുടങ്ങിയ ഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ജിയോടാഗ്ഡ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ്.

3)പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

4)പ്രവൃത്തി ഫയലുകളിൽ റ്റി.എസ് ,എ.എസ്, വർക്ക് അലോക്കേഷൻ ഫോം, മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്, ആക്ഷൻ പ്ളാൻ, വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് മുതലായവ സൂക്ഷിക്കുന്നില്ല.

5)ഗ്രാമപഞ്ചായത്തിൽ 14 വാർഡുകളിലായി ആകെ 124 പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. വാർഡുകളിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ തുടർസംരക്ഷണവും പരിപാലനവും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

6)പഞ്ചായത്തിൽ മാസത്തിൽ ഒരു ദിവസം തൊഴിൽ ദിനം (റോസ് ഗാർ ദിവസ്)ആചരിക്കുന്നില്ല.

7) പദ്ധതികളുടെ പ്രാരംഭനിലയിലുള്ള കൃത്യതയാർന്ന ആസൂത്രണം ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. അപേക്ഷകർ ലഭ്യമാക്കുന്ന രേഖകളുടെ നിജസ്ഥിതി ഉറപ്പുവരുത്തും വിധമുള്ള പ്രാരംഭ വെരിഫിക്കേഷൻ നടത്തിയിട്ടില്ല. അപേക്ഷകൻ സമർപ്പിക്കുന്ന രേഖകളിന്മേൽ പരിശോധന നടത്തി ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്താത്ത സാഹചര്യത്തിൽ അർഹത മാനദണ്ഡം ഉറപ്പ് വരുത്തുന്നതിന് വ്യവസ്ഥാപിതമായ സംവിധാനം ഇല്ലാത്ത സ്ഥിതിയുണ്ട്.

8) വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനം പൂർണതോതിൽ നിർവഹിച്ചു കാണുന്നില്ല. പ്രവൃത്തിയുടെ ഫയലുകളിൽ കമ്മറ്റി രേഖപ്പെടുത്തലുകൾ ഇല്ല. വാർഡ് തലത്തിൽ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി പുനസംഘടിപ്പിച്ച് പദ്ധതികളുടെ പരിശോധന നടത്തുന്നില്ല.

9) വസ്തുക്കളുടെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം) നിന്നും പ്രവൃത്തി നടത്തിയ സ്ഥലത്തിന്റെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.

10) പദ്ധതികളുടെ തുടർമോണിറ്ററിംഗ് നിർവഹിച്ചിട്ടില്ല. പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കും വിധമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന്റെ കാർഷിക മേഖലയിൽ പ്രസ്തുത പ്രവൃത്തിയുടെ ഫലമായി ഉണ്ടായ പ്രത്യുൽപ്പാദനപരമായ പുരോഗതി വിലയിരുത്തപ്പെട്ടിട്ടില്ല. പഞ്ചായത്തിലെ വ്യക്തിഗത ആസ്തികളുടെ നിർമ്മാണവും സംരക്ഷണവും, കൃഷിഭൂമി കൃഷിക്ക് യോഗ്യമാക്കൽ, പൊതു ആസ്തി സംരക്ഷണം, ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക

മുതലായ ലക്ഷ്യങ്ങളോടെ നടപ്പിലാക്കുന്ന തൊഴിലുറപ്പ് പദ്ധതിയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്ന മഹത്തായ സന്ദേശം ഉറപ്പുവരുത്തും വിധം ഗ്രാമീണ തൊഴിൽമേഖലയെ ശാക്തീകരിക്കുന്നതിനും കൂടുതൽ സുതാര്യമായ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക വികസനം സുതാര്യമാക്കുന്നതിനും ഭരണനിർവഹണ വിഭാഗങ്ങൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോർമൻസ് ഓഡിറ്റ്	20.07.2022 മുതൽ 26.7.2022 വരെ	01.08.2021 മുതൽ 31.03.2022 വരെ	13.10.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	04.02.2013	2007-08 മുതൽ 2011-12 വരെ	09.04.2013

1-11-0 വസ്തു നികുതി - അപാകങ്ങൾ

വസ്തു നികുതി പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-11-1 വസ്തു നികുതി പരിഷ്കരണം

05/04/2023 ലെ സ.ഉ.(അച്ചടി)നം.25/2023/LSGD പ്രകാരം ഗ്രാമപഞ്ചായത്തിലെ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണത്തിന് ബാധകമായ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകൾ 01/04/2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് നിർദ്ദേശിച്ചു. 31/03/2023 വരെയുണ്ടായിരുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമങ്ങളെ വിവിധയിനങ്ങളിലായി വീണ്ടും വിഭജിച്ചാണ് ഉപയോഗക്രമ ഇനവും നികുതി സ്ലാബും നിശ്ചയിച്ചിട്ടുള്ളത്. വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് 01.04.2023 മുതൽ ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിർണയം നടത്തുന്ന കെട്ടിടങ്ങൾക്ക്, അവയുടെ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ചുമത്തുന്നതിനുള്ള നിരക്കുകൾ 29.04.2023 ലെ 3(1) നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണത്തിന് അനുസ്യൂതമായി ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് കരട് വിജ്ഞാപനം ചെയ്തു. തുടർന്ന് 29.09.2023 ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 2(1) നമ്പർ തീരുമാനപ്രകാരം നികുതി നിരക്കുകൾ അന്തിമമായി നിശ്ചയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയതായും അറിയിച്ചിട്ടുണ്ട്.

അന്തിമ വിജ്ഞാപനത്തിലെ നികുതി നിരക്കുകൾ നികുതി ഡേറ്റാബേസിൽ ഉൾപ്പെടുത്തിയതിനു ശേഷം 2023-24 വർഷത്തെ ഡിമാന്റ് പരിഷ്കരിച്ചിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണത്തിന് മുൻപുള്ള ഡിമാന്റ് 2601762/- രൂപയും പുതുക്കിയ ഡിമാന്റ് 2902052/-രൂപയുമാണ്. നിലവിൽ പഴയ നിരക്കിൽ നികുതി ഒടുക്കിയവരുടെ നികുതി പരിഷ്കരിക്കുമ്പോഴുണ്ടാകുന്ന വ്യത്യാസം അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(അവലംബം - ഓഡിറ്റ് അന്വേഷണക്കുറിപ്പ് 05/26.10.2023 -ന്റെ മറുപടി)

1-11-2 വസ്തു നികുതി - സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

	സഞ്ചയ പ്രകാരം	വാർഷിക കണക്കുകൾ

				പ്രകാരം		
	ഡിമാന്റ്	കളക്ഷൻ	ബാലൻസ് (ബുക്ക് അഡ്ജസ്റ്റ്മെന്റിന് ശേഷം)	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
റസിഡൻഷ്യൽ (കറന്റ്)	1215128	11191625	19253	1265218	1245435	19959
നോൺ റസിഡൻഷ്യൽ (കറന്റ്)	1059166	951916	106969	1074908	967939	155366
റസിഡൻഷ്യൽ (അരിയർ)	31077	12081	19009	26988	12130	14252
നോൺ റസിഡൻഷ്യൽ (അരിയർ)	171173	12087	159093	195086	12083	179497

മുൻകാല പ്രാബല്യത്തിൽ വസ്തു നികുതി അസസ് ചെയ്തപ്പോൾ ഉണ്ടായ വ്യത്യാസമാണ് അപാകത്തിന് കാരണമായി വിശദീകരിച്ചിട്ടുള്ളത് . (ഓഡിറ്റ് അന്വേഷണക്കുറിപ്പ് - 47/ 31.10.2023 ന്റെ മറുപടി).

1-11-3 മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

സഞ്ചയ സോഫ്റ്റ്വെയർ മുഖേന ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന രണ്ട് മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി പൂർണമായും ഈടാക്കിയിട്ടുണ്ട്. നിയമപരമായും അല്ലാതെയും പ്രവർത്തിക്കുന്ന ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ സംബന്ധിച്ച് കണക്കെടുപ്പ് നടത്തി കമ്മിറ്റിയെ അറിയിക്കുന്നതാണെന്നും, കെട്ടിടക്കരം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും 29/09/2022 ൽ നടന്ന ഭരണസമിതി യോഗത്തിൽ സെക്രട്ടറി അറിയിച്ചിരുന്നു. തുടർനടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (08/27.10.2023) മറുപടിയായി വാർഡ് 9-ൽ സ്ഥിതി ചെയ്യുന്ന ജിയോ ടെലികമ്മ്യൂണിക്കേഷൻസ് ടവറിന്റെ നികുതി നിർണയിക്കുന്നതിനായി നമ്പറിംഗ് ഫയലിൽ അപാകതകൾ ഉള്ളതിനാൽ ആയത് പരിഹരിക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതായും, ആയത് പരിഹരിച്ച് രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ജിയോ ടെലികമ്മ്യൂണിക്കേഷൻസ് ടവറിന്റെ നികുതി നിർണയം നടത്തി വസ്തു നികുതി ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും തുടർവിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-11-4 ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. സഞ്ചയ പ്രകാരം ലഭ്യമാക്കിയ വിവരങ്ങൾ പരിശോധിച്ചതിൽ 20 കെട്ടിടങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Sl No	Ward Name	No. Of Buildings	Purification Completed Count						Purification Pending Count
			Operator Pending	Operator Completed	Verifier Pending	Verifier Completed	Approver Pending	Approver Completed	
1	(1) PANAYILKADAVU	542	2	540	0	540	0	540	2
2	(2) KOCHUPALLY	456	0	456	0	456	0	456	0
3	(3) PUTHENNADA	328	0	328	0	328	0	328	0
4	(4) PANCHAYAT WARD	657	0	657	0	657	0	657	0
5	(5) KUNCHANVILAKOM	429	0	429	0	429	0	429	0
6	(6) PUYHIYAKAVU	479	0	479	0	479	0	479	0

7	(7) KAYALVARAM	590	2	588	0	588	0	588	2
8	(8) PATTIKKAVILA	436	1	435	0	435	9	426	10
9	(9) NILAKKAMUKKU	538	0	538	0	538	0	538	0
10	(10) KUNNUVILA	445	2	443	0	443	0	443	2
11	(11) SOCIETY WARD	480	0	480	0	480	0	480	0
12	(12) MUKKALUVATTOM	461	1	460	0	460	1	459	2
13	(13) IRANGUKADAVU	462	0	462	0	462	1	461	1
14	(14) KAYIKKARAKADAVU	476	1	475	0	475	0	475	1
	Total	6779	9	6770	0	6770	11	6759	20

ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരണത്തിനായുള്ള 20 കെട്ടിടങ്ങൾ പ്യൂരിഫിക്കേഷൻ ഓപ്പൺ ആകുന്ന മുറയ്ക്ക് നടപടി സ്വീകരിച്ച് ക്ലോസ് ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് - 9/27.10.2023). കെട്ടിടങ്ങളുടെ ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-11-5 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ വസ്തു നികുതി ഈടാക്കിയതിൽ കുറവ്.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. 100 മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 50/- രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ, സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടത്തെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാനവസ്തു നികുതി 45/- രൂപ നിരക്കിൽ വസ്തു നികുതി നിർണയിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

കെട്ടിട നമ്പർ	ഉടമയുടെ പേര്	ഉപയോഗക്രമം	വിസ്തീർണ്ണം
11/434/C	ശ്രീകുമാർ.എസ്	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	155.1 M^2

	സഞ്ചയയിലെ നികുതി നിർണയം	യഥാർത്ഥ നികുതി
അടിസ്ഥാന വസ്തു നികുതി നിരക്ക് (ച .മീ) രൂപ	45	50
അടിസ്ഥാന വസ്തു നികുതി രൂപ	6979.5	7755
അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള ഇളവുകൾ	ഇല്ല	ഇല്ല
അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള വർദ്ധനവുകൾ		

(എ). വഴി സൗകര്യം	1395.9 രൂപ	1551 രൂപ
(ബി). തറ നിർമ്മിതി	ഇല്ല	ഇല്ല
(സി). എയർ കണ്ടീഷനിംഗ്	ഇല്ല	ഇല്ല
(ഡി). ആകെ വർദ്ധനവ്	20%	20%
(ഇ). ആകെ വർദ്ധനവ്	1395.9 രൂപ	1551 രൂപ
	വാർഷിക തുക	**വാർഷിക തുക**
വസ്തു നികുതി (തുക)	8795	9306
ലൈബ്രറി സെസ്സ് (തുക)	440	465.3
സർവ്വീസ് ചാർജ്ജ് (തുക)	0.00	0.00
സർചാർജ്ജ് 1 (തുക)	0.00	0.00
സർചാർജ്ജ് 2 (തുക)	0.00	0.00
ആകെ (തുക)	9235	9771.3

സഞ്ചയ പ്രകാരം മേൽകെട്ടിടത്തിന്റെ വസ്തു നികുതി 2021 രണ്ടാം അർദ്ധവർഷം മുതലാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. സഞ്ചയയിൽ ഉപയോഗക്രമം രേഖപ്പെടുത്തിയതിൽ അപാകം സംഭവിച്ചതായും സഞ്ചയയിൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണ്ണയം ചെയ്ത് ഉടമസ്ഥനിൽ നിന്നും കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 10/27.10.2023) ലഭ്യമാക്കിയിട്ടുണ്ട്. വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതും വസ്തു നികുതി നിർണ്ണയത്തിൽ അപാകങ്ങൾ സംഭവിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-11-6 സൈറ്റ് പ്ലാനും സഞ്ചയയും അനുസരിച്ച്, നിലവിലുള്ള കെട്ടിടത്തിന്റെ വിവരം പൊരുത്തപ്പെടുന്നില്ല

നമ്പറിംഗ് ഫയലുകളുടെ പരിശോധനയിൽ പുതുതായി നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ "Completed Plan " -ൽ കെട്ടിടം സ്ഥിതി ചെയ്യുന്ന അതേ പ്ലോട്ടിൽ കെട്ടിടത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന " Exististing Building"- ന്റെ വിസ്തീർണം സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള പ്രസ്തുത കെട്ടിടങ്ങളുടെ വിസ്തീർണവുമായി പൊരുത്തപ്പെടാത്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ഫയൽ നമ്പർ	A3/643/022
കെട്ടിട ഉടമ	ശ്രീ. ബാബു
കെട്ടിട നമ്പർ	10/201 A
കെട്ടിടത്തിന്റെ ഉപയോഗക്രമം	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ
വിസ്തീർണം	33.8 M^2

വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിനായാണ് മേൽ അപേക്ഷ ലഭ്യമാക്കിയിരിക്കുന്നത്. കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാനിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന അതേ പ്ലോട്ടിൽ കെട്ടിടത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന 10/201 നമ്പർ കെട്ടിടത്തിന്റെ വിസ്തീർണം 215 M2 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ വിസ്തീർണം 161m^2 മാത്രമാണുള്ളത്.

10/201 നമ്പർ കെട്ടിടത്തിന്റെ വിസ്തീർണം സംബന്ധിച്ച വ്യത്യാസം സ്ഥലപരിശോധന നടത്തി അടിയന്തിരമായി റിപ്പോർട്ട് ചെയ്യുന്നതിന് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഫയൽ കൈമാറി നൽകിയിട്ടുള്ളതായും ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (35/ 30.10.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മേൽ കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണയിക്കേണ്ടതായിട്ടുണ്ടെങ്കിൽ ആയത് പുനർനിർണയിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-11-7 കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിർമ്മാണ ശേഷം പുനർനിർണ്ണയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ, കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് നൽകിയ ഭൂരിഭാഗം കെട്ടിടങ്ങളുടെയും നിലവിലുള്ള വിസ്തീർണം, അധികമായി നിർമ്മിക്കുന്ന വിസ്തീർണം, കെട്ടിടത്തിന്റെ നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ആയതിനാൽ കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച് നൽകിയ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണയിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പിക്കാനായിട്ടില്ല. പ്രസ്തുത രേഖപ്പെടുത്തലുകൾ വരുത്തിയ ഏതാനും കെട്ടിടങ്ങളുടെ വിവരം സഞ്ചയ സോഫ്റ്റ്വെയർ മുഖേന പരിശോധന നടത്തിയതിൽ, പ്രസ്തുത കെട്ടിടങ്ങളുടെ തറവിസ്തീർണത്തിൽ മാറ്റം വന്നതായോ, നികുതി പുനർനിർണയിച്ചതായോ കാണുന്നില്ല.

	പെർമിറ്റ് നം, തീയതി, പൂർത്തീകരണ തീയതി	അപേക്ഷകന്റെ പേര്,	കെട്ടിട നം, ഉപയോഗക്രമം	Proposed Area (പെർമിറ്റ് രജിസ്റ്റർ പ്രകാരം) (M^2)	സഞ്ചയ പ്രകാരം നിലവിലുള്ള വിസ്തീർണ്ണം (M^2)	ഓഡിറ്റ് അന്വേഷണക്കുറിപ്പ് (33/30.10.2023) നൽകിയതിനെ തുടർന്ന് സ്ഥല പരിശോധന നടത്തിയതിന്റെ വിവരം
1	81/16-17, 16.11.2016, 15.11.2019	ഖയിസ്, സി.വി ഹൗസ് വക്കം	II/357, പാർപ്പിടാവശ്യം	64.57	111.2	ഭാഗികമായി പൂർത്തീകരിച്ചു.
2	77/16-17, 02.11.2016, 15.11.2019	സുനിൽകുമാർ, * ഇടയവിളാകം, വക്കം	VI/120, പാർപ്പിടാവശ്യം	42.51	45	പൂർത്തീകരിച്ചു. നിലവിലെ വിസ്തീർണ്ണം 84 M^2
3	88/2016-17, 24.12.2016, 23.12.2019	സുജാത, ഒറ്റക്കൊമ്പുലക്ഷം വീട്	IV/323 A, പാർപ്പിടാവശ്യം	53.32(first Floor)	72.21(GF-61.98, FF- 10.23)	പൂർത്തീകരിച്ചില്ല.
4	A3-BA(22670)/2017 , 20.05.2017, 19.05.2020	സുഭാഷ്, സെൽവി,വക്കം	V/132A	119.54	100.64	പൂർത്തീകരിച്ചു. നിലവിലുള്ള വിസ്തീർണ്ണം 127.30 M^2

ക്രമ നമ്പർ 2 , സുനിൽകുമാറിന്റെ ഉടമസ്ഥതയിലുള്ള VI/120 കെട്ടിടത്തിന്റെ തസവിസ്തീർണ്ണം 45 M^2 ആയതിനാൽ, ടി കെട്ടിടത്തെ സ.ഉ.(എം.എസ്)നം. 358/15 തീയതി 16/12/2015 പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ ടി കെട്ടിടത്തിൽ കൂട്ടിച്ചേർക്കൽ നടത്തിയെങ്കിലും, സഞ്ചയ സോഫ്റ്റ്വെയറിൽ കെട്ടിടത്തിന്റെ തറവിസ്തീർണത്തിൽ മാറ്റം വരുത്തുകയോ വസ്തു നികുതി പുനർനിർണയിക്കുകയോ ചെയ്യാത്തതിനാൽ നിലവിലും കെട്ടിടത്തിന് വസ്തു നികുതിയിൽ ഇളവ് ലഭിക്കുന്നുണ്ട്. ഇപ്രകാരം കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച് നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണയിക്കപ്പെടാതിരുന്നാൽ പഞ്ചായത്തിന് വസ്തു നികുതിയിനത്തിൽ വരുമാന നഷ്ടം ഉണ്ടാകുന്നതാണ്.

കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിക്കുമ്പോൾ നിലവിലുള്ള കെട്ടിടത്തിന്റെ നമ്പർ, വിസ്തീർണം, അധികമായി നിർമ്മിക്കുന്ന വിസ്തീർണം എന്നിവ കൃത്യമായി പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും പ്ലാനിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നുണ്ടോയെന്നും, സഞ്ചയ രേഖകൾ പ്രകാരം ആയത് കൃത്യമാണോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തനത് വരുമാനം വളരെ കുറഞ്ഞ വക്കം ഗ്രാമപഞ്ചായത്തിൽ കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിക്കുന്ന കെട്ടിടങ്ങളിൽ, നിർമ്മാണം

പൂർത്തീകരിക്കപ്പെട്ടവയുടെ വസ്തു നികുതി പുനർനിർണയിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും, ഇത് വഴിയുള്ള നികുതി നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

1-11-8 അനധികൃത കെട്ടിടങ്ങൾക്ക് ചട്ടപ്രകാരമുള്ള U/A നമ്പർ അനുവദിക്കേണ്ടതാണ്.

സഞ്ചയ സോഫ്റ്റ്വെയർ മുഖേന ലഭ്യമാക്കിയ വിവരം പ്രകാരം ഗ്രാമപഞ്ചായത്തിൽ പ്രകാരം 6 കെട്ടിടങ്ങൾ അനധികൃത നിർമ്മാണങ്ങളായി നിലനിൽക്കുന്നുണ്ട്.

ക്രമ നമ്പർ	കെട്ടിട ഐ.ഡി	കെട്ടിട നമ്പർ	ഉപയോഗക്രമം	തറ വിസ്തീർണം (M^2)	ഉപയോഗം തുടങ്ങിയ തീയതി	ഈടാക്കുന്ന വാർഷിക വസ്തു നികുതി (രൂപ)
1	50242010011807	4/330/A/UA	പാർപ്പിടാവശ്യം	22.48	20/01/2023	341
2	50242010011360	6/188/A	പാർപ്പിടാവശ്യം	46.11	07/02/2019	1010
3	50242010011798	11/187/A	പാർപ്പിടാവശ്യം	87.03	16/09/2022	1556
4	50242010011348	12/382/A	പാർപ്പിടാവശ്യം	105.08	04/02/2019	1880
5	50242010011312	12/389/D	പാർപ്പിടാവശ്യം	132.58	10/10/2018	2369
6	50242010011532	13/192/B	പാർപ്പിടാവശ്യം	43.4	09/12/2020	692

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235.എഎ(3) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേകം നമ്പർ നൽകേണ്ടതാണ്. കൂടാതെ, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ, ചട്ടം 20(2) പ്രകാരം, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പർ നൽകേണ്ടത് സാധാരണ കെട്ടിട നമ്പർ നൽകുന്ന രീതിയിൽ ആയിരിക്കുവാൻ പാടുള്ളതല്ല. പ്രസ്തുത കെട്ടിടത്തിന് അത് നിയമാനുസൃതമല്ലാത്ത നിർമ്മാണമാണ് എന്ന് സൂചിപ്പിക്കുന്ന 'U/A' എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നമ്പർ നൽകേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ സഞ്ചയ സോഫ്റ്റ്വെയർ മുഖേന ലഭ്യമാക്കിയ വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ ഇതുവരെ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട ക്രമ നമ്പർ 1 ഒഴികെയുള്ള കെട്ടിടങ്ങൾക്ക് നിയമാനുസൃത കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്ന രീതിയിലാണ് കെട്ടിട നമ്പർ അനുവദിച്ചു പോരുന്നത്. ചട്ടങ്ങൾ പ്രകാരം 'U/A' ചേർത്ത് പ്രത്യേക നമ്പർ അനുവദിച്ചിട്ടില്ല. അപാകം പരിഹരിച്ച് അനധികൃത കെട്ടിടങ്ങൾക്ക് ചട്ടപ്രകാരമുള്ള U/A നമ്പർ അനുവദിക്കേണ്ടതാണ്.

1-11-9 ഫീൽഡ് സന്ദർശനങ്ങൾ നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സർക്കുലർ നം. RB3/178/2020/Lsgd Dated 20.6.2022 പ്രകാരം, തദ്ദേശഭരണസ്ഥാപനങ്ങളുടെ അധികാരപരിധിയിലുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വാണിജ്യമോ, വാസഗൃഹമോ എപ്രകാരമുള്ള കെട്ടിടങ്ങളായാലും അവയ്ക്ക് കേരളപഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി ഒഴിച്ചിടേണ്ട സ്ഥലം മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി കെട്ടിയടച്ച് ഷെഡോ, മറ്റ് നിർമ്മാണങ്ങളോ നടത്തി ഉപയോഗിക്കുക -അതുവഴി പാർക്കിംഗ് ഏരിയ, റോഡിൽ നിന്നുള്ള അകലം എന്നിവ ഇല്ലാതാക്കുക തുടങ്ങിയ ക്രമവിരുദ്ധമായ നടപടികൾ തദ്ദേശഭരണ സെക്രട്ടറിമാർ കർശനമായി നിരീക്ഷിക്കണമെന്നും അതോടൊപ്പം, അപ്രകാരമുള്ള അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനും അഥവാ ഇത്തരത്തിലുള്ള നിർമ്മാണം നടത്തിയതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് പൊളിച്ചു നീക്കുന്നതിനുമുള്ള സത്വരനടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് സന്ദർശനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും തുടർ നടപടി വിവരവും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (32/30.10.2023) മറുപടിയായി വിവിധ പരാതികൾ, കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റൽ, ലൈസൻസ് തുടങ്ങിയവയുമായി ബന്ധപ്പെട്ട് വാർഡ് സ്റ്റാഫുകൾ നടത്തുന്ന

ഫീൽഡ് പരിശോധനയിൽ ഇക്കാര്യങ്ങൾ പരിശോധിക്കാറുണ്ടെന്നും, തുടർനടപടി സ്വീകരിക്കാറുണ്ടെന്നും അറിയിച്ചിട്ടുണ്ട്. അനധികൃത നിർമ്മാണം കൃത്യമായി നിരീക്ഷിക്കേണ്ടതും ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-11-10 സേവന ഉപനികുതി സാധ്യതകൾ തനത് വരുമാന വർദ്ധനവിനായി പരിഗണിക്കാവുന്നതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപനികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രെയിനേജ് എന്നിവയ്ക്കുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ വസ്തുനികുതിയിൻമേൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. എന്നാൽ, വക്കം ഗ്രാമപഞ്ചായത്തിൽ നിലവിൽ സേവന ഉപനികുതി ഈടാക്കുന്നില്ല. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. ചട്ടം 27 പ്രകാരം വസ്തു നികുതിയിന്മേൽ താഴെ പറയുന്ന നിരക്കുകളിൽ കുറയാതെ സേവന ഉപനികുതി ഈടാക്കാവുന്നതാണ്.

ക്രമ നമ്പർ	സേവനം	വസ്തുനികുതിയിൻമേൽ ചുമത്താവുന്ന പരമാവധി സേവന ഉപനികുതി
1	ശുചിത്വ പരിപാലനം	4%
2	ജല വിതരണം	3%
3	തെരുവു വിളക്കുകൾ	2%
4	ഡ്രെയിനേജ്	1%

വസ്തു നികുതി നിർണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നീ നടപടിക്രമങ്ങൾ ആവശ്യമായ ഭേദഗതികളോടെ സേവന ഉപനികുതിയുടെ നിർണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നിവയ്ക്കും ബാധകമാണെന്ന് ചട്ടം 28 ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് രണ്ട് അർദ്ധ വർഷ ഗഡുക്കളായി വസ്തു നികുതിയോടൊപ്പം പിരിക്കാവുന്നതാണ്. സേവനം നൽകുന്ന മേഖലയിൽ ഗ്രാമപഞ്ചായത്തിന് നിശ്ചിത നിരക്കിനേക്കാൾ കുറയാതെയുള്ള നിരക്ക് ഓരോ ഇനത്തിനും നിശ്ചയിക്കാവുന്നതാണ്. സേവനം നൽകുന്ന മേഖലയിൽ ഗ്രാമപഞ്ചായത്തിന്, മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള നിരക്കിനേക്കാൾ കുറയാതെയുള്ള നിരക്ക് ഓരോ ഇനത്തിനും നിശ്ചയിക്കാവുന്നതാണ്. ഭരണസമിതിയുടെ ശ്രദ്ധ മേൽ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

1-12-0 തൊഴിൽ നികുതി - അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം / വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് അടിസ്ഥാനപ്പെടുത്തി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കിയിട്ടിയില്ല. തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-12-1 സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെട്ട സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം, ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വക്കം റൂറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി- പുത്തൻ നട എന്ന സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (53/01.11.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥതയുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും, ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-12-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

സ്ഥാപനത്തിന്റെ പേര്	നികുതി അടവാക്കാത്ത അർദ്ധവർഷം
ഫെഡറൽ ബാങ്ക്, വക്കം	ഒന്നും, രണ്ടും അർദ്ധവർഷങ്ങൾ
കെ.എസ്.ഇ.ബി, വക്കം	ഒന്നും, രണ്ടും അർദ്ധവർഷങ്ങൾ
മുത്തൂറ്റ് മിനി ഫിനാൻസ്	രണ്ടാം അർദ്ധവർഷം

പ്രസ്തുത സ്ഥാപനങ്ങൾക്ക് കത്ത് നൽകി നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (48/31.10.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

1-12-3 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം, നിശ്ചിത ദിവസം പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വക്കം ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കരാറുകാരന്റെ പേര്	മേൽവിലാസം
1	സജീഷ് കുമാർ.വി	കൃഷ്ണ, തമ്പാനൂർ ലേയ്ൻ, ആറ്റിങ്ങൽ
2	പ്രദീപ്.എൻ	കാഞ്ഞിരം നിന്നതിൽ വീട്, കരുനിലക്കോട്, ഇടവ
3	ബാജി.എം	വടക്കേ ബംഗ്ലാവ്, മണനാക്ക്, തിരുവനന്തപുരം
4	സ്മിജു ലാൽ	കെ.ബി.നിവാസ്, അയ്യന്റെ വിള, കടയ്ക്കാവൂർ
5	അനിൽ കമാർ.എസ്	ചരുവിള വീട്, മേലേ കടയ്ക്കാവൂർ
6	ബിനീഷ് ചന്ദ്രൻ	ഉദയൻ വിളാകം, തെക്കുംഭാഗം, കടയ്ക്കാവൂർ
7	അശോകൻ.വി	വിശ്വകമൽ, കടയ്ക്കാവൂർ
8	മണിക്കുട്ടൻ.പി	തൊടിയിൽ വീട്, മുടപുരം, കിഴുവിലം
9	ഷാനവാസ് എം.ആർ	എം.ആർ മൻസിൽ, മംഗലപുരം, തോന്നയ്ക്കൽ പി.ഒ
10	വിജയൻ.ജി	സവിധം, ചാവടിമുക്ക്, കടയ്ക്കാവൂർ

11	സുദേവൻ.എൻ	ലയത്തിൽ വീട്, കടയ്ക്കാവൂർ
12	വിജയൻ.എൽ	പുളിയത്ത് ഹൗസ്, പാലച്ചിറ

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (46/31.10.2023) ബന്ധപ്പെട്ട കരാറുകാർക്ക് കത്ത് നൽകി നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12-4 തൊഴിൽ നികുതി സമ്പൂർണ്ണഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിലോ അതിനു വെളിയിലോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്തിൽ താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതുമായ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, സ്വകാര്യ സ്കൂൾ/ കോളേജ് ജീവനക്കാർ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (48/31.10.2023) മറുപടിയായി, തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടെന്നും ആയത് കാലികമാക്കിയിട്ടില്ലെന്നും, വരും വർഷങ്ങളിൽ കാലികമാക്കി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കേണ്ട മുഴുവൻ വ്യക്തികളുടെയും / സ്ഥാപനങ്ങളുടെയും വിവരം ശേഖരിക്കേണ്ടതും, പഞ്ചായത്തിന് തൊഴിൽ നികുതി ഇനത്തിൽ ലഭിക്കേണ്ട വരുമാനം പൂർണമായും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

1-13-0 ലൈസൻസ് - അപാകങ്ങൾ

ലൈസൻസ് പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-13-1 ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ല.

ട്രേഡേഴ്സ് ലിസ്റ്റ് 2022-23 പ്രകാരം പഞ്ചായത്തിൽ 281 വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ, 2022-23 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 235 വ്യാപാര സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത്. വ്യാപാര സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (04/26.10.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-13-2 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

സഞ്ചയ സോഫ്റ്റ്വെയറിൽ ലഭ്യമായ വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ എണ്ണവും 2022-23 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ വലിയ വ്യത്യാസം കാണുന്നു.

ക്രമ നമ്പർ	കെട്ടിടത്തിന്റെ ഉപയോഗക്രമം	കെട്ടിടങ്ങളുടെ എണ്ണം
1	100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	907
2	100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം	9

	ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	
3	200 ച.മീറ്റർ മുകളിൽ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ	2
4	200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സുപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ	1
5	ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ	6
6	ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവ	19
	ആകെ	**944**

പഞ്ചായത്തിൽ തൻവർഷം 235 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. വാണിജ്യ ആവശ്യത്തിനായി നിർമ്മാണ പെർമിറ്റ് നേടി വസ്തു നികുതി രേഖകൾ പ്രകാരം നിലനിൽക്കുന്ന എല്ലാ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധനാ വിധേയമാക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതുമാണ്.

1-13-3 അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിൽ അനധികൃതമായി പ്രവർത്തിച്ച് വരുന്ന ഭക്ഷണം പാകം ചെയ്തും അല്ലാതെയും വിൽക്കുന്ന കച്ചവട സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ഡബ്ല്യു എം 1/262/2022 ത.സ്വ.ഭ.വ തീയതി 02/05/2022 നമ്പർ സർക്കുലറിൽ നിർദ്ദേശം നൽകിയിരുന്നു. ഇതിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (04/26.10.2023) മറുപടിയായി അനധികൃത സ്ഥാപനങ്ങളെ കണ്ടെത്തി നോട്ടീസ് നൽകി, അവയെ അധികൃതമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ അനധികൃതമായി പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളെ കണ്ടെത്തി അവയ്ക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13-4 ജിംനേഷ്യങ്ങൾക്ക് ലൈസൻസ് ഉറപ്പാക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 01.08.2022 ലെ നം.എൽ.എസ്.ജി.ഡി ആർ.ഡി 1/47/2022 സർക്കുലർ പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും അതാത് അധികാര പരിധിയിൽ 1963- ലെ Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ, ഒരു ജിംനേഷ്യവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. കൂടാതെ, 29/09/2022 ലെ 9(1) നമ്പർ കമ്മിറ്റി തീരുമാനം ഗ്രാമ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഫിറ്റ്നെസ് സെന്ററുകൾക്ക് അടിയന്തിരമായി ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു. ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ഫിറ്റ്നൻസ് സെന്ററുകൾക്ക് തൻവർഷം ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (04/26.10.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ ജിംനേഷ്യങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതാണ്.

1-13-5 യന്ത്ര സാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിന് ഫീസ് ഈടാക്കുന്നതിലെ അപാകം

കേരള പഞ്ചായത്ത് രാജ് ചട്ടം 18, 19 പട്ടിക III പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ, നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിനുള്ള പരമാവധി ഫീസ് നിശ്ചയിച്ചിട്ടുണ്ട്. നിയമാനുസൃത മോട്ടോർ ഫീസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽ പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) മെഷീൻ ഫീസ് ഈടാക്കിയിട്ടില്ല.

എ) അനിത ചന്ദ്രൻ.എസ്, പള്ളിയ്ക്കവിട, വക്കം സർവീസ് സെന്റർ പ്രവർത്തിപ്പിക്കുന്നതിനുള്ള

ലൈസൻസിനായി ലഭ്യമാക്കിയ അപേക്ഷ പരിശോധിച്ചതിൽ സ്ഥാപനത്തിൽ പ്രവർത്തിപ്പിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷയോടൊപ്പമുള്ള പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ 5 HP യന്ത്രം ഉപയോഗിക്കുന്നതായി കാണുന്നു. അതിനനുസരിച്ച് ഈടാക്കേണ്ട മോട്ടോർ ഫീസായ 50/- രൂപ ഈടാക്കിയിട്ടില്ല.

ബി) ചിപ്പി ഹോളോബ്രിക്സ് എന്ന സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിനായി ശ്രീമതി റീനാദേവ്, കിഴക്കേതിൽ വീട് ലഭ്യമാക്കിയ അപേക്ഷയിൽ 3 HP യന്ത്രം ഉപയോഗിക്കുന്നതായി കാണുന്നു. അതിനനുസരിച്ച് ഈടാക്കേണ്ട മോട്ടോർ ഫീസായ 50/- രൂപ ഈടാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് (03/26.10.2023) നൽകിയതിനെ തുടർന്ന് 30/10/2023 – ൽ മേൽ തുകകൾ അടവാക്കിയിട്ടുണ്ട്.

2) കുതിര ശക്തിയ്ക്കനുസൃതമായി മെഷീൻ ഫീസ് ഈടാക്കിയിട്ടില്ല.

അനു.എം, മലയൻവിളാകം ഓയിൽ മിൽ പ്രവർത്തിപ്പിക്കുന്നതിന് ലഭ്യമാക്കിയ അപേക്ഷയിൽ 15 HP യന്ത്രം ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ടപ്രകാരം ഈടാക്കേണ്ട 200/- രൂപയ്ക്ക് പകരം 100/- രൂപയാണ് മോട്ടോർ ഫീസ് ഈടാക്കിയിട്ടുള്ളത്. ഓഡിറ്റ് അന്വേഷണക്കുറിപ്പ് (03/26.10.2023) നൽകിയതിനെ തുടർന്ന് കുറവായി അടവാക്കിയ 100/- രൂപ 30/10/2023 – ൽ അടവാക്കിയിട്ടുണ്ട്.

ലൈസൻസ് അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് മോട്ടോർ ഫീസ് ഈടാക്കേണ്ട സാഹചര്യങ്ങളിൽ നിയമാനുസൃത മോട്ടോർ ഫീസ് ഈടാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-14 "ടേക്ക് എ ബ്രേക്ക് " - വരവ് തുകകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടവാക്കേണ്ടതാണ്.

ഭരണസമിതിയുടെ 12/05/2022ലെ 2(1) നമ്പർ തീരുമാന പ്രകാരം ഗ്രാമ പഞ്ചായത്തിൽ നിലയ്ക്കാമുക്ക് ജംഗ്ഷനിൽ ഉദ്ഘാടനം ചെയ്യപ്പെട്ടിട്ടുള്ള Take A Break- വഴിയിടത്തിന്റെ നടത്തിപ്പും പരിപാലനവും, അതിനോട് ചേർന്നുള്ള സ്നാക്ക് ബാറിന്റെ നടത്തിപ്പും ഹരിത കർമസേനയെ ചുമതലപ്പെടുത്തിയും, ഹരിത കർമസേന പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ സംയുക്ത അക്കൌണ്ട് ആരംഭിച്ച് വരവ് ചെലവ് കണക്കുകൾ കൃത്യതപ്പെടുത്തി സൂക്ഷിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കാൻ ഹരിത കർമസേനാ ഭാരവാഹികളെ ചുമതലപ്പെടുത്തിയും തീരുമാനിച്ചിരുന്നു. ടേക്ക് എ ബ്രേക്ക് പ്രവർത്തനവുമായി ബന്ധപ്പെട്ട് 2022-23 സാമ്പത്തിക വർഷം ലഭ്യമായ വരവ്, പഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടവാക്കിയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (28/30.10.2023) മറുപടിയായി ടേക്ക് എ ബ്രേക്ക് പ്രവർത്തനവുമായി ബന്ധപ്പെട്ട് തൻവർഷം ലഭിച്ച വരവ് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടവാക്കിയിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. "ടേക്ക് എ ബ്രേക്ക്" നടത്തിപ്പിലൂടെ ലഭ്യമാകുന്ന വരവ് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടവാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-15 തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നില്ല.

വാർഷിക ധനകാര്യ പത്രിക B-15 ഷെഡ്യൂൾ പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	തുക	വിശദീകരണം (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 29/30.10.2023 ന്റെ മറുപടി)
431100101	Receivables For Property Tax On Residential Buildings (Current)	19959	വസ്തു നികുതി ഒടുക്കുവരുത്താത്തവർക്കെതിരെ പ്രോസിക്യൂഷൻ, റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു.
431100102	Receivables For Property Tax On Residential Buildings (Arrears)	14252	
431100103	Receivables For Property Tax On Non- Residential Buildings (Current)	155366	
431100104	Receivables For	182399	

	Property Tax On Non- Residential Buildings (Arrears)		
431400101	Rent Receivables From Buildings(current)	33085	2023-24 സാമ്പത്തിക വർഷം അടവാക്കിയിട്ടുണ്ട്.
431400102	Rent Receivables From Buildings(Arrears)	1116	കുടിശ്ശിക എപ്രകാരം ഉണ്ടായി എന്ന് കണ്ടെത്തി നടപടി സ്വീകരിക്കുന്നതാണ്.
431400105	Receivables Towards Market Receipts(current)	33000	റവന്യൂ റിക്കവറി നടപടികളിലൂടെ 2023-24 വർഷം അടവാക്കിയിട്ടുണ്ട്.
431400106	Receivables Towards Market Receipts(Arrears)	726000	റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സ.ഉ(കൈ)നം. 179/2022/ധന തീയതി 18/10/2022 ഉത്തരവ് പ്രകാരം, ഡിമാന്റ് ചെയ്യപ്പെടുന്ന തനത് വരുമാനത്തിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ നിന്നും ഒരു ശതമാനം കുറവ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തനത് വരുമാനം പിരിച്ചെടുക്കുന്നതിലെ കുറവ് വികസന ഫണ്ടിന്റെ ലഭ്യതയെ ബാധിക്കുമെന്നതിനാൽ തനത് വരുമാനം പൂർണമായും പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്. തനത് വരുമാനം വളരെ കുറഞ്ഞ ഗ്രാമ പഞ്ചായത്തിൽ ലഭ്യമാകുന്ന വരുമാനം പൂർണമായും പിരിച്ചെടുക്കുന്നതിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-16 ലേലം - ഭരണസമിതി തീരുമാനം നടപ്പാക്കേണ്ടതാണ്.

എ)നിലയ്ക്കാമുക്ക് ഗവ. യു പി എസിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി ലഭിച്ച ഏകദേശം 40 ക്യുബിക് മീറ്റർ വരുന്ന മണ്ണ് ക്യുബിക് മീറ്ററിന് 250/- രൂപാ നിരക്കിൽ ആകെ 10,000/- രൂപ വിലവരുന്നതാണെന്നും ആയത് ലേലം ചെയ്ത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമുള്ള എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ കത്തിന്റെ അടിസ്ഥാനത്തിൽ ലേല നടപടികൾ ആരംഭിക്കുന്നതിന് ഭരണസമിതിയുടെ 01/07/2022 ലെ 16(4) നമ്പർ തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു.

ബി) വാർഡ് 14 ലെ വില്ലേജ് ഓഫീസ് കോമ്പൗണ്ടിൽ മുറിച്ച് സുക്ഷിച്ചിരിക്കുന്ന തേക്ക് തടി ലേലം ചെയ്യുന്നതിനായി തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ നൽകിയ 56331/- രൂപയുടെ വാല്യുവേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലേല നടപടികൾ സ്വീകരിക്കാൻ ഭരണസമിതിയുടെ 29/09/2022 ലെ 7(1) നമ്പർ തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു.

ലേലവുമായി ബന്ധപ്പെട്ട മേൽ ഭരണസമിതി തീരുമാനങ്ങളുടെ തുടർവിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 30/30.10.2023) തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണെന്നും, പ്രസ്തുത ഇനങ്ങൾ കാലതാമസം കൂടാതെ ലേലം ചെയ്ത് തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

നിലയ്ക്കാമുക്ക് ഗവ. യു പി എസിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി ലഭിച്ച മണ്ണ്, വില്ലേജ് ഓഫീസ് കോമ്പൗണ്ടിൽ മുറിച്ച് സുക്ഷിച്ചിരിക്കുന്ന തേക്ക് തടി എന്നിവ അടിയന്തിരമായി ലേലം ചെയ്ത് തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണ്.

1-17 ടൂറിസം വികസനത്തിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തിലൂടെ സാധ്യത തേടേണ്ടതാണ്

ടൂറിസം വികസന സാധ്യതയുള്ള പ്രദേശം കണ്ടെത്തി, പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്ത ടൂറിസം ഉൾപ്പെടെയുള്ള പദ്ധതികളുമായി സഹകരിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് സ.ഉ.(കൈ) നം. 84/2022/ ത.സ്വ.ഭ.വ തീയതി 19-04-2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന ടൂറിസം വകുപ്പുമായി ചേർന്നുള്ള 'ഡെസ്റ്റിനേഷൻ ചലഞ്ച്' പദ്ധതികൾ കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനും കേരളത്തിലെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഒരു ടൂറിസം കേന്ദ്രമെങ്കിലും വികസിപ്പിക്കാനുമുള്ള പ്രഖ്യാപിത ലക്ഷ്യം

കൈവരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് സർക്കുലർ നം. ഡി.എ1/287/2022- തസ്വഭവ തീ. 17/04/2023 പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. ആവശ്യമായ ഗ്രാമപഞ്ചായത്ത് വിഹിതത്തിന്റെ അപര്യാപ്തത കാരണം പദ്ധതികൾ ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ലായെന്നും, ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർ വർഷങ്ങളിൽ പദ്ധതികൾ ഏറ്റെടുക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (31/30.10.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ ടൂറിസം വികസന സാദ്ധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി ടൂറിസം സാദ്ധ്യത പ്രയോജനപ്പെടുത്തുന്നതിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെയും, അതിലൂടെ പഞ്ചായത്തിന്റെ തനത് വരുമാന വർദ്ധനവിന്റെയും സാധ്യത പരിശോധനാ വിധേയമാക്കേണ്ടതാണ്.

1-18 വാട്ടർ അതോറിറ്റിയിൽ നിന്നും റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ജലജീവൻ മിഷൻ ഗാർഹിക കുടിവെള്ള പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി വക്കം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റോഡുകൾ, ഇടറോഡുകൾ എന്നിവ വെട്ടിമുറിക്കപ്പെട്ട് കാൽനട യാത്രയ്ക്കും വാഹനഗതാഗതത്തിനും അനുയോജ്യമല്ലാത്ത രീതിയിൽ ആയിരിക്കുകയാണെന്ന് പൊതുജനങ്ങളിൽ നിന്നും വലിയ തോതിലുള്ള പരാതികൾ ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത റോഡുകൾ അടിയന്തിരമായി പുനർനിർമ്മിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതിനും, ആയതിന് ചെലവ് വരുന്ന തുക കണക്കാക്കി അടിയന്തിരമായി ഗ്രാമ പഞ്ചായത്തിന് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും കേരള വാട്ടർ അതോറിറ്റിയുടെ ആറ്റിങ്ങൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെടുന്നതിനും [30/11/2022 ലെ 5(1) നമ്പർ ഭരണസമിതി തീരുമാനം] തീരുമാനിച്ചിരുന്നു. വാട്ടർ അതോറിറ്റിയിൽ നിന്നും റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് ലഭ്യമാകുന്നതിനായി സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 52/01.11.2023) മറുപടിയായി, ജലജീവൻ മിഷൻ ഒന്നാം ഘട്ടവും, രണ്ടാം ഘട്ടവുമായി ഏറ്റെടുത്ത പ്രവൃത്തികളുടെ ഭാഗമായി കുഴിച്ച റോഡുകൾ വാട്ടർ അതോറിറ്റി തന്നെ കോൺക്രീറ്റ് ചെയ്തു നൽകുമെന്നും, മൂന്നാം ഘട്ടത്തിലുള്ളവയ്ക്ക് മാത്രമേ റീസ്റ്റോറേഷൻ ചാർജ്ജ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളൂവെന്നും അറിയിച്ചിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതിയ്ക്കായി വെട്ടിമുറിക്കപ്പെട്ട പഞ്ചായത്ത് റോഡുകൾ പൂർവസ്ഥിതിയിലാക്കുന്നതിനായി വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനോ / റീസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കുന്നതിനോയുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-19 നികുതി / നികുതിയേതര വരവുകൾ - അവലോകനം

ഗ്രാമപഞ്ചായത്തുകളുടെ പ്രധാന നികുതി വരുമാനങ്ങൾ വസ്തുനികുതി, തൊഴിൽനികുതി, വിനോദനികുതി എന്നിവയാണ്. ഏറ്റവും വലിയ നികുതി വരുമാനമായ വസ്തുനികുതി നിയമാനുസൃത ഒഴിവുകളില്ലാത്ത എല്ലാ പാർപ്പിടാവശ്യ കെട്ടിടങ്ങളിൽ നിന്നും പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കുന്നു (കേരള പഞ്ചായത്ത് രാജ് നിയമം 203). രണ്ടാമത്തെ വലിയ നികുതി വരുമാനമായ തൊഴിൽ നികുതി, ജീവനക്കാർ, വ്യാപാരം വ്യവസായം എന്നിവ നടത്തുന്നവർ, പ്രൊഫഷണൽസ്, സ്ഥാപനങ്ങൾ എന്നീ ഇനങ്ങളിലായി നിയമപ്രകാരം ഈടാക്കാം (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-204). സിനിമ ഉൾപ്പെടെയുള്ള വിനോദപരിപാടികളുടെ ടിക്കറ്റ് നിരക്ക് അടിസ്ഥാനപ്പെടുത്തി, വിനോദം നൽകുന്ന സ്ഥാപനം നൽകുന്ന ജി.എസ്.ടി റിട്ടേണുകളെ ആസ്പദമാക്കിയാണ് വിനോദ നികുതി ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കുന്നത്.

ആറാമത് ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം വിഭവസമാഹരണത്തിന്റെ കാര്യക്ഷമത അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി എന്നിവയിലെ ഡിമാൻഡുകൾ പൂർണമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണമല്ലാത്തത് നികുതി ചോർച്ചയ്ക്ക് ഇടയാക്കുന്നു. നികുതി നികുതിയിതര വരുമാനങ്ങളെ സംബന്ധിക്കുന്ന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) പുതിയ തനതുവരുമാനമേഖലകൾ:

പുതിയ തനതു വരുമാനമേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒന്നുംതന്നെ ധനകാര്യസ്ഥിരം സമിതിയുടെയോ പഞ്ചായത്ത് സമിതിയുടെയോ തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിന് സ്വന്തമായി സ്ഥലമുള്ള ഭാഗം വാണിജ്യപരമായി പ്രാധാന്യമുള്ളതെങ്കിൽ, അവിടങ്ങളിൽ കടമുറികൾ നിർമ്മിച്ച് തനത് വാടകവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമിതിയുടെ

ഭാഗത്തുനിന്നുണ്ടായിട്ടില്ല. വാണിജ്യപരമായി പ്രാധാന്യം ഉള്ള സ്ഥലങ്ങളിൽ കെട്ടിടങ്ങളോ സ്ഥലങ്ങളോ ഒഴിഞ്ഞ് കിടക്കുന്നുണ്ടോയെന്ന് പരിശോധന വിധേയമാക്കേണ്ടതാണ്.

2)തനത് വരുമാനങ്ങൾ നിശ്ചിതസമയത്തിനുള്ളിൽ പിരിച്ചെടുക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതി, വാടക, മാർക്കറ്റ് ഫീസ് എന്നിവയിൽ കുടിശ്ശിക നിലനിൽക്കുന്നുണ്ട്. തൊഴിൽ നികുതി ഡിമാൻഡിൽ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്താത്തത് കാരണം കുടിശ്ശിക ഉണ്ടായിട്ടും കുടിശ്ശിക സംബന്ധിക്കുന്ന വിവരങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടാത്ത സാഹചര്യമുണ്ട്.

നികുതി/നികുതിയേതര വരവിനങ്ങളുടെ അവലോകന യോഗങ്ങൾ കൂടി, പിരിവ് പുരോഗതി, നികുതി വർദ്ധനവ് എന്നിവ ചർച്ച ചെയ്യേണ്ടതാണ്.

3) പ്രൊഫഷണലുകളിൽ നിന്നുള്ള തൊഴിൽ നികുതി വരുമാനം ഡിമാൻഡ് ചെയ്യുന്നില്ല:

നിയമാനുസൃതം സ്വയം തൊഴിലെടുക്കുന്ന (പ്രൊഫഷണൽസ്) ഡോക്ടർമാർ, അഭിഭാഷകർ, ആർക്കിടെക്റ്റ്, ടാക്സ് പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൌണ്ടന്റ്, ഇൻഷുറൻസ് ഏജന്റുമാർ, പൊതുമരാമത്ത് കോൺട്രാക്ടർമാർ തുടങ്ങിയ ഒരു വലിയ വലിയവിഭാഗം തൊഴിൽ നികുതി ചുമത്തലിൽ നിന്നും ഒഴിവാകുന്നുണ്ട്. മതിയായ വിവരഅടിത്തറയുടെ അഭാവമാണ് പ്രധാനകാരണം.

4) തൊഴിൽ നികുതി ഈടാക്കുന്നതിന് സോഫ്റ്റ്വെയർ അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്:

വളരെ എളുപ്പത്തിൽ ചെയ്യാവുന്ന തൊഴിൽ നികുതിയുടെ ഡേറ്റാബേസ് നാളിതുവരെയും ഡിജിറ്റലൈസ് ചെയ്തിട്ടില്ല. സ്ഥാപനങ്ങൾക്ക് പെർമനന്റ് നമ്പർ നൽകികൊണ്ട് തൊഴിൽനികുതി വിവരഅടിത്തറ ഡിജിറ്റലൈസ് ചെയ്യുന്നതിന് IKM മുഖാന്തിരം സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്. തൊഴിൽ നികുതിയിലെ വരുമാനനഷ്ടം ഒരളവുവരെ ഇപ്രകാരം പരിഹരിക്കാവുന്നതാണ്

5) മുൻ വസ്തുനികുതി പരിഷ്കരണത്തിൽ അപാകങ്ങൾ നിലനിൽക്കെ വീണ്ടും നികുതി പരിഷ്കരിക്കുമ്പോൾ അപാകങ്ങൾ ഒഴിവാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

2013നികുതി പരിഷ്കരണത്തിലെ നിരവധി പിഴവുകൾ തുടർന്നുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ മുഖാന്തിരം ചൂണ്ടി കാണിച്ചിട്ടുണ്ടെങ്കിലും അപാകങ്ങൾ നിലവിലും തുടരുന്ന സാഹചര്യമുണ്ട്. പ്രസ്തുത വസ്തു നികുതി പരിഷ്കരണത്തിന്റെ ഡാറ്റാ എൻട്രി നിലവിലും പൂർത്തീകരിക്കപ്പെട്ടിട്ടില്ല. കെട്ടിടങ്ങളുടെ ഉപയോഗക്രമം കൃത്യമായാണോ ഉൾപ്പെടുത്തിയത്, വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച റോഡുകളുടെ വിസ്തൃതി, മേഖല ഡേറ്റാ എൻട്രി നടത്തിയപ്പോൾ കൃത്യമായി ഉൾപ്പെടുത്തിയോ, മേൽത്തരം തറ നിർമ്മിതിക്ക് ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്തിയിരുന്നോ തുടങ്ങിയ പരിശോധനകൾ നൂറുശതമാനം നടന്നിട്ടില്ല. നൂറുശതമാനം കൃത്യമാക്കാത്ത ഡേറ്റാ ബേസ് ആസ്പദമാക്കി നികുതി വീണ്ടും പരിഷ്കരിക്കേണ്ട സാഹചര്യം വസ്തുനികുതി നിർണയത്തിലെ അപാകത്തിന് ഇടയാക്കുന്നതാണ്.

ഓഡിറ്റിന്റെ ശുപാർശകൾ:

1) തനതുവരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്ഥിരം സമിതിയിൽ ഒരു അജണ്ടയായി ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

2) നികുതി/നികുതി ഇതര വരവുകളുടെ അവലോകനം എല്ലാ ധനകാര്യ സ്ഥിരം സമിതി യോഗങ്ങളിലും അവതരിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.

3)അനധികൃത നിർമ്മാണം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഒരു ഉപസമിതിയെ നിശ്ചയിച്ച് സ്ഥിരമായ റിപ്പോർട്ടിംഗ് ആവശ്യപ്പെടാവുന്നതാണ്.

4) പഞ്ചായത്ത് പരിധിയിലുള്ള പ്രൊഫഷണലുകളുടെ പട്ടിക തയ്യാറാക്കി തൊഴിൽ നികുതി കൃത്യമായി ഡിമാൻഡ് ചെയ്യേണ്ടതാണ്.

5) തൊഴിൽ നികുതി ഡിമാൻഡും പിരിവും സോഫ്റ്റ്വെയർ അധിഷ്ഠിതമാക്കുന്നതിന് IKMനോട് ആവശ്യപ്പെടാവുന്നതാണ്.

6) വസ്തുനികുതി നിർണയത്തിന്റെയും പരിഷ്കരണത്തിന്റെയും ഡേറ്റാപ്യൂരിഫിക്കേഷൻ ഫീൽഡ് തല റിപ്പോർട്ടിനൊപ്പം നടത്തേണ്ടതാണ്.

7) ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്താവുന്നതാണ്.

8) സാങ്കേതികമായ പ്രശ്നങ്ങൾ IKM ന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

9) പഞ്ചായത്തിലെ പൊതു കുളങ്ങൾ മത്സ്യകൃഷിക്കായി ലേലം ചെയ്തു നൽകുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്.

10) വസ്തു നികുതി പൂർണമായും പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

11) സേവന ഉപനികുതി ഈടാക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.

1-20 പാലിയേറ്റീവ് കെയർ പദ്ധതി - ചെലവ് രേഖകൾ പൂർണമായും ഹാജരാക്കിയില്ല -35800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ	S0003/23
പ്രോജക്ടിന്റെ പേര്	പാലിയേറ്റീവ് കെയർ പദ്ധതി
അടങ്കൽ	724644/- (വികസന ഫണ്ട് പൊതു വിഭാഗം - 662264/- ധനകാര്യ കമ്മീഷൻ അവാർഡ് - 62380)
ചെലവ്	628926/-
ബിൽ നം.	119/16.12.2022 തുക 94170/- 120/16.12.2022 തുക 62980/- 259/04.02.2023 തുക 95260/- 275/10.02.2023 തുക 6160/- 298/24.02.2023 തുക 100000/- 299/ 24.02.2023 തുക 100000/- 300/24.02.2023 തുക 36510/- 345/15.03.2023 തുക 41710/- 436/31.03.2023 തുക 35800/- 309/ 25.02.2023 തുക 56336/-
നിർവ്വഹണം	**മെഡിക്കൽ ഓഫീസർ, ആർ.എച്ച്.സി**

പാലിയേറ്റീവ് കെയർ പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽ പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ബിൽ നമ്പർ 436/31.03.2023 പ്രകാരം രജീഷ്.ആർ -ന് 33000/- രൂപയും, ലിജു ഗോപിനാഥിന് 1600/- രൂപയും, ദ്രോണ പ്രിന്റ്സിന് 1200/- രൂപയും അനുവദിച്ചതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ഫയലിൽ ഉൾപ്പെട്ടിട്ടില്ല.

2. പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായുള്ള ആരോഗ്യപ്രവർത്തകരുടെ യാത്രകൾക്ക് KL 16 E 9673 എന്ന ഓട്ടോറിക്ഷയാണ് ഉപയോഗിക്കുന്നതെന്ന് കാണുന്നു. വാഹനം ഉപയോഗിക്കുന്ന ദിവസങ്ങളിൽ 800/- രൂപയാണ് പ്രസ്തുത വാഹനത്തിന് വാടകയായി നൽകുന്നത്. പദ്ധതിയുടെ ഭാഗമായി വാഹന വാടകയിനത്തിൽ , വാഹന ഉടമയായ ശ്രീ നടേശന് അനുവദിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ബിൽ നമ്പർ	യാത്ര നടത്തിയ മാസം	അനുവദിച്ച തുക
300/24.02.2023	ജനുവരി 2023	12800
345/15.03.2023	ഫെബ്രുവരി 2023	12800
119/16.12.2022	ആഗസ്റ്റ് 2022 , സെപ്റ്റംബർ	38400

	2022, ഒക്ടോബർ 2022	
120/16.12.2022	ജൂൺ 2022, ജൂലൈ 2022	25600
259/04.02.2023	നവംബർ 2022, ഡിസംബർ 2022	24800
309/25.02.2023	ഏപ്രിൽ 2022, മെയ് 2022	25600
ആകെ അനുവദിച്ച തുക		140000

വാഹനം വാടകയ്ക്ക് എടുക്കുന്നതിനായി കാട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/27.10.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. കാട്ടേഷൻ നടപടിക്രമങ്ങൾ പാലിക്കാതെ വാഹനം വാടകയ്ക്കെടുത്തത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ബിൽ നമ്പർ 436/31.03.2023 പ്രകാരമുള്ള 35800/- രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കുന്നതുവരെ 35800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രസ്തുത രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 ജില്ലാ ക്യാൻസർ നിയന്ത്രണ പദ്ധതി - ചെലവ് രേഖകൾ ഹാജരാക്കാത്തതതിനാൽ 20000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ	S0154/23
പ്രോജക്ടിന്റെ പേര്	ജില്ലാ ക്യാൻസർ നിയന്ത്രണ പദ്ധതി
അടങ്കൽ	20000/- (വികസന ഫണ്ട് പൊതു വിഭാഗം)
ചെലവ്	20000/-
ബിൽ നമ്പർ	364/20.03.2023
നിർവ്വഹണം	**മെഡിക്കൽ ഓഫീസർ, ആർ.എച്ച്.സി**

ക്യാൻസർ സ്ക്രീനിംഗ് ക്ലിനിക്കിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുക, ക്ലിനിക് നടത്തിപ്പ് എന്നിവയാണ് പ്രോജക്ടിന്റെ ലക്ഷ്യം. ബിൽ നമ്പർ 364/20.03.2023 പ്രകാരം, സപ്ലൈകോ മാവേലി മെഡിക്കൽ സ്റ്റോറിന് 5000/- രൂപയും, മെഡിക്കൽ ഓഫീസറുടെ പേരിൽ 15000/- രൂപയും അനുവദിച്ചതായി കാണുന്നു. പ്രസ്തുത ചെലവുകളെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 13/27.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ഹാജരാക്കുന്നതുവരെ 20000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 സ്ത്രീ പദവി പഠനം - റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ	S0067/2023
പ്രോജക്ടിന്റെ പേര്	സ്ത്രീ പദവി പഠനം
അടങ്കൽ	30700/- (വികസന ഫണ്ട് ജനറൽ)
ചെലവ്	16680/-
ബിൽ നമ്പർ	141/03.01.2023 തുക 5980/- 285/16.02.2023 തുക 10700/-

നിർവഹണം	ഐ.സി.ഡി.എസ് സൂപ്പർവൈസർ

പഞ്ചായത്തിനെ ലിംഗ പദവി സൗഹൃദമാക്കുന്നതിനും, സ്ത്രീകളുടെ അവസ്ഥയും, പ്രശ്നങ്ങളും ആവശ്യങ്ങളും മനസിലാക്കുന്നതിനും വേണ്ടി സ്ത്രീ പദവി പഠനം നടത്തുന്നതിനായി വേണ്ടി രൂപീകരിച്ച പ്രോജക്ടാണിത്. പ്രസ്തുത പദ്ധതിയ്ക്കായി സോന.എസ്, ഗോപിക.എസ്.നാഥ് എന്നീ രണ്ട് ഡാറ്റാ എന്യൂമറേറ്റർമാരെ ഭരണസമിതിയുടെ 14/11/2022 ലെ 12(11) നമ്പർ തീരുമാന പ്രകാരം നിയമിച്ചിരുന്നു. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കിയ, പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ സ്ത്രീകളുടെ നിലവിലെ സാമൂഹ്യ-സാമ്പത്തിക-ആരോഗ്യ അവസ്ഥ സംബന്ധിച്ച പഠന റിപ്പോർട്ട് തയ്യാറാക്കലിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 36/30.10.2023) മറുപടിയായി ജില്ലാ തലത്തിൽ ഡാറ്റാ അനാലിസിസ് റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയാൽ മാത്രമേ റിപ്പോർട്ട് പഞ്ചായത്ത് തലത്തിൽ പ്രസിദ്ധീകരിക്കുവാൻ കഴിയുകയുള്ളൂവെന്ന് അറിയിച്ചിട്ടുണ്ട്. സ്ത്രീ പദവി പഠന റിപ്പോർട്ട് പൂർത്തിയായതിനു ശേഷം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-23 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പദ്ധതി-പൂർത്തീകരണ വിവരം ലഭ്യമല്ല.

പദ്ധതിയുടെ പേര്	ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ	208/23
അടങ്കൽ	24668 (വികസനഫണ്ട്)
ചെലവ്	24580
ബിൽ നമ്പർ	348/16.3.23

2022-23 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിക്കായി 24580/- രൂപ കെ.എസ്.ഇ.ബിക്ക് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.12.2018ലെ ഡി.എ1/881/2018 നം സർക്കുലർ പ്രകാരം കെ.എസ്.ഇ.ബിയിൽ തുക ഡിപ്പോസിറ്റ് ചെയ്യുന്ന പ്രവൃത്തികളിൽ തുകയുടെ വിനിയോഗവും പദ്ധതി നിർവ്വഹണവും പഞ്ചായത്ത് കൃത്യമായി മോണിറ്റർ ചെയ്യണം എന്ന് നിഷ്കർഷിക്കുന്നു. അപ്രകാരം മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.

പ്രവൃത്തി പൂർത്തിയായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം, എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ-24തീയതി 28.10.23ന് മറുപടിയായി മേൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബിക്ക് കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. 01.11.2023ൽ, 14161/- രൂപയുടെ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബിയിൽ ബാക്കി നിൽക്കുന്ന 10419/- രൂപയുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചു കെ എസ് ഇ ബിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രം ഡിപ്പോസിറ്റ് പ്രവർത്തികൾക്ക് തുക നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. പ്രവൃത്തിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-24 നിർമ്മാണം പൂർത്തിയായ മാർക്കറ്റ് കെട്ടിടം ലേലം ചെയ്ത് നൽകി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പദ്ധതിയുടെ പേര്	വക്കം മാങ്കുഴി മാർക്കറ്റ് വൈദ്യുതീകരണം അധിക പ്രവർത്തനങ്ങൾ
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ	170/23
അടങ്കൽ	254985/-

	(ധനകാര്യ കമ്മീഷൻ അവാർഡ് – 248941/-, വികസനഫണ്ട് – 6044)
ചെലവ്	238550/-
ബിൽ നമ്പർ	433/29.03.23

വക്കം മാങ്കുഴി മാർക്കറ്റ് വൈദ്യുതീകരണത്തിനായി 2022-23 വർഷം 2,38,550/-രൂപ ചെലവാക്കിയിട്ടുണ്ട്. മൂന്ന് കടമുറികളും രണ്ട് ഹാളുകളും ഉൾപ്പെടുന്ന മാങ്കുഴി മാർക്കറ്റ് കെട്ടിടത്തിൽ വയറിങ് ചെയ്യുക, ലൈറ്റുകൾ സ്ഥാപിക്കുക, ഫാനുകൾ സ്ഥാപിക്കുക മുതലായവയാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. 1.11.23ന് ഓഡിറ്റ് ടീം പ്രസ്തുത മാർക്കറ്റ് സന്ദർശിക്കുകയുണ്ടായി. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടെങ്കിലും പ്രസ്തുത ഷോപ്പിംഗ് കോപ്ലക്സ് ഇപ്പോഴും അടഞ്ഞു കിടക്കുകയാണ്. നിർമ്മാണം പൂർത്തിയായ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളിൽ അജൈവമാലിന്യം സൂക്ഷിച്ചിരിക്കുന്നതായും കാണപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 51/01.11.23) ലഭ്യമാക്കിയ മറുപടിയിൽ, എംസിഎഫിന് ചോർച്ചയുള്ളതിനാൽ താൽക്കാലികമായി മാലിന്യം കടമുറികളിൽ സൂക്ഷിച്ചിരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മാലിന്യങ്ങൾ എത്രയും പെട്ടെന്ന് കടമുറികളിൽ നിന്നും മാറ്റി കടമുറികൾ ലേലം ചെയ്ത് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-25 പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

പദ്ധതിയുടെ പേര്	പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ	57/23
അടങ്കൽ	630000/- ധനകാര്യ കമ്മീഷൻ അവാർഡ്
ചെലവ്	630000/-
ബിൽ നമ്പർ	354996/- 70/17.10.22 49680/- 74/28.10.22 49680/- 97/29.11.22 49680/- 145/7.12.23 49680/- 246/1.2.23 76284/- 316/3.3.23

2022-23 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിക്കായി 630000/- രൂപ ചെലവാക്കിയിട്ടുണ്ട്. പ്രതിമാസം 49680/- രൂപ അടവാക്കിയിരുന്ന സ്ഥാനത്ത് ചാർജ്ജ് വർദ്ധനയുടെ ഫലമായി 2023 ഫെബ്രുവരി മാസം മുതൽ 124965/- രൂപ അടവാക്കേണ്ടി വരുന്നുണ്ട്. മുൻ വർഷങ്ങളിൽ തിട്ടപ്പെടുത്തിയ 103 വാട്ടർ ടാപ്പുകൾക്കാണ് വാട്ടർ അതോറിറ്റിയിൽ നിന്നും അധിക ഡിമാന്റ് വരുന്നത്.

2023 ഫെബ്രുവരി മാസത്തെ ബില്ലിൽ Closing Balance ആയി 2218576/- രൂപയും ഫൈനായി 43518/- രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം വലിയ തുക കുടിശ്ശികയും ഫൈനായും വരുന്നതിന്റെ കാരണം വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് വ്യക്തത വരുത്തിയതിന്റെയും, ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തിയ പൈപ്പുകളിൽ കേടായ പൈപ്പുകൾ, ജല ലഭ്യത ഇല്ലാത്തവ എന്നിവ ഉൾപ്പടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയതിന്റെയും വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-21 തീയതി 28.10.23) ലഭ്യമാക്കിയ മറുപടിയിൽ, കുടിശ്ശിക സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. കൂടാതെ, നിലവിലെ 103 വാട്ടർ കണക്ഷനുകൾ നിർത്തലാക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് 305618/- രൂപ നൽകിയിട്ടുമുണ്ട്.

വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് കുടിശ്ശിക ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച്

വിവരം അറിയിക്കേണ്ടതാണ്. കൂടാതെ, വാട്ടർ കണക്ഷനുകൾ നിർത്തലാക്കുന്നതിനുള്ള നടപടികളുടെ നിർവ്വഹണപുരോഗതി വിവരം ലഭ്യമാക്കേണ്ടതുമാണ്.

1-26 ലൈഫ് ഭവന പദ്ധതി ജനറൽ, വീട് വാസയോഗ്യമാക്കൽ SCP- നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം.

1)ലൈഫ് ഭവന (ജനറൽ)പദ്ധതി പ്രകാരം തുകകൾ കൈപ്പറ്റിയിട്ടും നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

പേര്	ആദ്യ ഗഡു കൈപ്പറ്റിതീയതി	ആകെ കൈപ്പറ്റിയ തുക
അംബി.ജി, കുന്നിൽ തെക്കതിൽ, വക്കം	28.3.23	40000/-

2)വീട് വാസയോഗ്യമാക്കൽ (SCP)പദ്ധതി പ്രകാരം തുകകൾ കൈപ്പറ്റിയിട്ടും നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

പേര്	ആദ്യ ഗഡു കൈപ്പറ്റിയ തീയതി	ആകെ കൈപ്പറ്റിയ തുക
നിശാകുമാരി.എസ്, തെക്കുംഭാഗം വീട്, വക്കം	16.02.22	50000/-

ശ്രീമതി അംബിയുടെ ഭവനിർമ്മാണം പുരോഗമിക്കുന്നതായും ശ്രീമതി നിശാകുമാരിയിൽ നിന്നും തുക തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ -26 തീയതി 28.10.23ന്റെ മറുപടി).

പദ്ധതി മാർഗരേഖ, കരാർ വ്യവസ്ഥ എന്നിവ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-27 ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും

2003-ലെ കേരളപഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾക്ക് അടിയന്തര സഹായം നൽകുന്നതിനായി പഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്നും വേറിട്ടു സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകുന്നതിന് വ്യവസ്ഥ ചെയ്യുന്നു. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവരടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഇപ്രകാരം ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധിയ്ക്കായി അക്കൌണ്ട് ആരംഭിച്ചിട്ടുണ്ട്. 31.03.2023 ൽ ദുരിതാശ്വാസ നിധിയിൽ 1612/-രൂപ അവശേഷിക്കുന്നു.

കലാ കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്.

1-28 ആസ്തി സംരക്ഷണ നടപടികൾ പുരോഗമിക്കുന്നു.

പദ്ധതി മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022/തസ്വഭവ തീയതി 19.04.2022] ഖണ്ഡിക 6.8.1 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

ഖണ്ഡിക 6.8.1 പ്രകാരം സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അനുയോജ്യങ്ങളായ നിർദ്ദേശങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ്. സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ

കുറ്റമറ്റതും കാലികവും ആക്കേണ്ടതാണ്. തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്.

ആസ്തി സംരക്ഷണത്തിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻകയറി നമ്പർ 15/28.10.2023) മറുപടിയായി, റോഡ് ആസ്തികൾ ആർ-ട്രാക്കിംഗ് മുഖേന ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ പ്രവൃത്തി പൂർത്തീകരിച്ചുവരികയാണെന്നും ആയത് തീരുന്ന മുറയ്ക്ക് റോഡ് ആസ്തികളുടെ വിവരം കാലികമാക്കുന്നതാണെന്നും മറ്റ് ആസ്തികളുടെ വിവരം കാലികമാക്കി ആസ്തി സംരക്ഷിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-29 അറ്റകുറ്റപ്പണിക്കായി 2.8 ലക്ഷം രൂപ ചെലവഴിച്ച ബസ് സ്റ്റാന്റ് കെട്ടിടം പ്രയോജനപ്പെടുത്തേണ്ടതാണ്.

കായിക്കരയിലുള്ള 'ബസ് സ്റ്റാന്റ്' കെട്ടിടത്തിന് ഷീറ്റ് മേൽക്കൂര നിർമ്മിക്കുന്നതിനും ബാത്ത് റൂം മെയിന്റനൻസിനുമായി 2021-22ൽ പ്രോജക്ട് രൂപീകരിച്ചിരുന്നു (നമ്പർ S0143/23). നിലവിലെ ടാങ്ക് പഴക്കം ചെന്ന് പൊട്ടിയതിനാൽ പുതിയ വാട്ടർടാങ്കിനായും, കെട്ടിടത്തിന്റെ പുറകുവശത്തെ ഭൂമി ഇടിഞ്ഞ് നിലവിലുള്ള ചതുപ്പിലേക്ക് വീഴുന്നതുകൊണ്ട് ആ വശം മണ്ണ് ഫിൽ ചെയ്ത് കോൺക്രീറ്റ് സൈഡ് വാളിനായും എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് നടപ്പാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	S0034/23
പ്രോജക്ടിന്റെ പേര്	കായിക്കര ബസ് സ്റ്റാന്റ് നവീകരണം (SO)
അടങ്കൽ	5,00,000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം)
ചെലവ്	2,86,253/-
കരാറുകാരൻ	അശോകൻ .വി (4,45,332.06)
ബിൽ നമ്പർ	166/27.01.2023
ഭരണാനുമതി	2(1)/26.08.2021
സാങ്കേതികാനുമതി	90673 തീയതി 29.10.2021
എം ബുക്ക് നമ്പർ	394/21-22, 404/21-22, 405/21-22, 406/21-22

01.11.2022ൽ നടത്തിയ സ്ഥപരിശോധനയിൽ നിലവിൽ കെട്ടിടം പ്രയോജനപ്രദമാക്കിയിട്ടില്ലായെന്നും പ്രസ്തുത കെട്ടിടത്തിന്റെ ആവശ്യകത സംബന്ധിച്ച് വ്യക്തതയില്ലായെന്നും ബോധ്യപ്പെട്ടു. പ്രസ്തുത കെട്ടിടം സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിക്കേണ്ടതുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നമ്പർ 51/01.11.2023) മറുപടി ലഭ്യമാക്കിയില്ല.

2,86,253/- രൂപ ചെലവഴിച്ചു അറ്റകുറ്റപണി നടത്തിയ കെട്ടിടം പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ തുടർ പദ്ധതികൾ നടപ്പിലാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-30 പരിസ്ഥിതി സംരക്ഷണത്തിന് നടപടികളില്ല.

സബ്സിഡി മാർഗരേഖ [സ.ഉ.(കൈ) നമ്പർ 115/2022/തസ്വഭവ തീയതി 28.05.2022] ഖണ്ഡിക 7.8.4 പ്രകാരം കാവുകളുടെയും കണ്ടൽ കാടുകളുടെയും സംരക്ഷണത്തിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിനായുള്ള, ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.

1) ഓരോ തദ്ദേശസ്ഥാപന പ്രദേശത്തും സംരക്ഷിക്കപ്പെടേണ്ട എല്ലാ കാവുകളുടെയും കണ്ടൽ കാടുകളുടെയും പട്ടിക തദ്ദേശഭരണ സ്ഥാപനതല ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പും തയ്യാറാക്കണം.

2) ഓരോ കാവിലെയും, സംരക്ഷിക്കപ്പെടേണ്ട മരങ്ങളുടെയും സസ്യങ്ങളുടെയും ഏകദേശ കണക്കും സംരക്ഷിക്കേണ്ട സ്ഥലവും വിസ്തൃതിയും കണക്കാക്കണം. ചുമതല നിശ്ചയിക്കണം.

3) ചെലവ് കുറഞ്ഞ രീതിയിൽ മുള്ള് വേലി കെട്ടി സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ചെയ്യേണ്ട പ്രവൃത്തികളും ഏകദേശ എസ്റ്റിമേറ്റും പ്രാദേശികമായി തയ്യാറാക്കണം.

4) നിർവ്വഹണം പൂർത്തിയാക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ആകെ ചെലവിന്റെ 75% തദ്ദേശസ്ഥാപനത്തിൽ നിന്നും നൽകാവുന്നതാണ്.

2023-24 വാർഷിക പദ്ധതിയിൽ ജൈവ വൈവിധ്യ രജിസ്റ്റർ പരിഷ്കരിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നും പ്രസ്തുത പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി കാവുകൾ, കണ്ടൽകാടുകൾ എന്നിവ കണ്ടെത്തി, വരുംവർഷങ്ങളിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻകയറി നമ്പർ 19/28.10.2023ന്റെ മറുപടി).

പരിസ്ഥിതി സംരക്ഷണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ച്, നടപ്പാക്കിയ പ്രവർത്തനങ്ങളെ സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-31 കാർഷിക മേഖലയിലെ പ്രോജക്ടുകളുടെ ഫലപ്രാപ്തി ഉറപ്പാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം വിവിധ കാർഷിക വിളകൾക്കായി ചുവടെ ചേർക്കും പ്രകാരം പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

ക്രമ നമ്പർ	പ്രോജക്ട് നമ്പർ	പേര്	ചെലവ് തുക
01	114/23	ഹരിതഭവനം	14970
02	134/23	കുരുമുളക് കൃഷി വികസനം	18400
03	181/23	പിഞ്ചോമനകൾക്ക് അമൃതം	80000
04	144/23	ഞങ്ങളും കൃഷിയിലേയ്ക്ക്-സംഘകൃഷി വ്യാപന	87750
05	111/23	ജീവനി-നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം	337500
06	180/23	ഇടവിള കൃഷി വ്യാവനം വനിത	350000
07	112/23	ഞങ്ങളും കൃഷിയിലേയ്ക്ക്-മൺചട്ടിയിൽ പച്ചക്കറി കൃഷി	560000
		ആകെ	**1448620**

1) വിവിധ കാർഷിക വിളകൾക്കായി, 14,48,620/- രൂപ ചെലവഴിച്ചെങ്കിലും, പ്രസ്തുത പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ ഫലമായി ഗ്രാമപഞ്ചായത്തിലെ കാർഷിക ഉല്പാദന വർദ്ധനവ് സംബന്ധിച്ച് പ്രത്യേകമായി കണക്കുകൾ ശേഖരിച്ചിട്ടില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നമ്പർ 34/30.10.2023) മറുപടിയിൽ വിശദാംശങ്ങ ലഭ്യമാക്കിയില്ല. കൃത്യമായ മോണിറ്ററിംഗ്, പ്രോജക്ടുകളുടെ ഫലപ്രാപ്തി സംബന്ധിച്ച സ്ഥിതി വിവര കണക്കുകളുടെ ശേഖരണം എന്നിവ നടത്തി പ്രോജക്ടുകൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2) കാർഷിക വിളകളുടെ വിപണനത്തിനായി ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ 2017-18 സാമ്പത്തിക വർഷം NIPHM പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ച ഇക്കോഷോപ്പ് കൃഷിഭവനു കീഴിൽ വിജയകരമായി പ്രവർത്തിച്ചു വരുന്നു. വക്കം കർഷകരുടെ കൂട്ടായ്മ ആയ വക്കം ജൈവ കാർഷിക സംഘത്തിനാണ് ഈ ഇക്കോഷോപ്പിന്റെ നടത്തിപ്പ് ചുമതല. വക്കം ഗ്രാമപഞ്ചായത്ത് നിവാസികൾ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറി എന്നിവ ഇക്കോഷോപ്പ് വഴി വിറ്റഴിക്കുന്നു. വിപണനമാർഗ്ഗം ഉള്ളതിനാൽ കൂടുതൽ വിളകൾ ഉത്പാദിപ്പിക്കുവാൻ ഇക്കോഷോപ്പിന്റ പ്രവർത്തനം കർഷകർക്ക് പ്രചോദനം നൽകുന്നു. വക്കം നിവാസികൾക്ക് ഈ ഇക്കോഷോപ്പ് വഴി വിഷരഹിത പച്ചക്കറിയും പഴങ്ങളും ന്യായവിലയ്ക്ക് ലഭിക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പഴം, പച്ചക്കറി സംഭരണ വിതരണത്തിന്റെ ഭാഗമായി 593485/- രൂപയുടെ വിപണനം ജൈവ കാർഷിക സംഘം ഇക്കോഷോപ്പിന് നടത്താൻ സാധിച്ചുവെന്നും വിശദീകരിച്ചിട്ടുണ്ട്.
ഉല്പാദന വർദ്ധനവ് സംബന്ധിച്ച വിവര ശേഖരണത്തിലൂടെയും കൃത്യമായ മോണിറ്ററിംഗ് പ്രോജക്ടുകളുടെ ഫലപ്രാപ്തി ഉറപ്പാക്കേണ്ടതാണ്.

1-32 കന്നുകുട്ടി പരിപാലനം - ചെലവഴിക്കാത്ത തുക തിരികെ ഈടാക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ	146/23

പേര്	പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി	
ഫണ്ട്	അടങ്കൽ	ചെലവ്
വികസന ഫണ്ട് (ജനറൽ)	625000/-	250000/-
ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത്)	625000/-	0
ആകെ	1250000/-	250000
ബിൽ നമ്പർ	137/29.12.2022	
നിർവ്വഹണം	വെറ്റിനറി സർജൻ	

SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയ തുകയിൽ 105126/- രൂപ വിനിയോഗിച്ചതായുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്.

പ്രസ്തുത പ്രോജക്ടിനായി കൈമാറിയ തുക സംബന്ധിച്ച് 2014-15 മുതൽ 2022-23 വരെയുള്ള വിനിയോഗ വിവരം ചുവടെ ചേർക്കുന്നു (ഓഡിറ്റ് എൻകയറി നമ്പർ 39/31.10.2023ന്റെ മറുപടി).

ക്രമ നമ്പർ	വർഷം	ട്രാൻസ്ഫർ ചെയ്ത തുക	വിനിയോഗിച്ച തുക	ബാക്കി
I	2014-15	56250	49157	7093
Ii	2015-16	125000	82795	42205
Iii	2016-17	75000	69413	5587
Iv	2017-18	150000	147571	2429
V	2018-19	--	--	--
Vi	2019-20	156250	132378	23872

ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-33 കറവ പശുക്കൾക്ക് കാലിതീറ്റ വിതരണം- അർഹമായ സബ്സിഡി തുക നൽകിയില്ല.

1)

പ്രോജക്ട് നമ്പർ	82/23	
പേര്	കറവ പശുക്കൾക്ക് കാലിതീറ്റ വിതരണം (ജനറൽ)	
ഫണ്ട്	അടങ്കൽ	ചെലവ്
വികസനം	250000	183000
ഗുണഭോക്തൃ വിഹിതം	250000	--
ആകെ	500000	183000
ബിൽ നമ്പർ	318/05.03.23 -46000 321/05.03.23 -47000 400/27.03.23-45000 401/27.03.23-45000	
നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്റിനറി സർജൻ	

2)

പ്രോജക്ട് നമ്പർ	83/23	
പേര്	കറവ പശുക്കൾക്ക് കാലിതീറ്റ വിതരണം (എസ്.സി)	
ഫണ്ട്	അടങ്കൽ	ചെലവ്
വികസനം	45000	45000
ഗുണഭോക്തൃ വിഹിതം	15000	--
ആകെ	60000	36000
ബിൽ നം	319/05.03.23 -9000 320/05.03.23 -9000 381/25.03.23 -9000 382/25.03.23 -9000	
നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്റിനറി സർജൻ	

ഗുണഭോക്താക്കൾക്ക് (ജനറൽ-50% എസ്.സി-75%) സബ്സിഡി നിരക്കിൽ(പരമാവധി ജനറൽ 10000രൂ, എസ്.സി -15000) നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ, ജനറൽ വിഭാഗത്തിന് 30%, എസ്.സി വിഭാഗത്തിന് 50% നിരക്കിലുമാണ് സബ്സിഡി നൽകിയിരിക്കുന്നത്. പദ്ധതിയിൽ സൂചിപ്പിച്ചിട്ടുള്ള പോലെ ജനറൽ 50, എസ്.സി 06 ഗുണഭോക്താക്കളെ വീതം ഉൾപ്പെടുത്തിയതിനാലാണ് സബ്സിഡി തുക അപ്രകാരം നൽകാത്തതെന്നും, പഞ്ചായത്തിൽ നിന്നുള്ള ഗുണഭോക്തൃ ലിസ്റ്റ് ലഭിച്ച് തിരഞ്ഞെടുത്ത ക്ഷീരസംഘത്തിന്റെ കരാർ ലഭിച്ച് ഗുണഭോക്താക്കൾ രേഖകൾ ഹാജരാക്കി വന്നപ്പോൾ ഡിസംബർ മാസമായതിനാൽ നാല് ഗഡുക്കൾ കൊടുക്കാനുള്ള സമയമേ ലഭിച്ചുള്ളൂവെന്നും, ചില ഗുണഭോക്താക്കൾ വിതരണ സമയം കാലിതീറ്റ വാങ്ങാത്തതും കാരണമായി എന്നുമാണ് വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് അന്വേഷണം നമ്പർ 40/31.10.2023 ന്റെ മറുപടി). പദ്ധതിക്കായി വകയിരുത്തിയ തുക പൂർണമായും വിനിയോഗിച്ചിട്ടില്ല. ഗുണഭോക്താക്കൾക്ക് സബ്സിഡി തുകയുടെ ആനുകൂല്യം പൂർണമായി ലഭിക്കുന്നതിനും, പദ്ധതികൾക്കായി വകയിരുത്തുന്ന തുക പൂർണ്ണമായി ചെലവഴിക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	പ്രോജക്ടിന്റെ പേര്	ചെലവ്
ബ്ലോക്ക് പഞ്ചായത്ത്	സ്നേഹസ്പർശം	190000
	അനുപൂരക പോഷകാഹാര പരിപാടി - ജനറൽ	100000
	പാലിന് സബ്സിഡി - ജനറൽ	211263
	ലൈഫ്	12000
ആകെ		**513263**
ജില്ല പഞ്ചായത്ത്	ഹരിതഭവനം	7000
	സ്നേഹസ്പർശം	190000
	പാലിന് സബ്സിഡി - ജനറൽ	75000
ആകെ		**272000**

	2021-22 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ്	തൻവർഷത്തെ വരവ് (I6 + Capital Contribution)	ആകെ	സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ്	നീക്കിയിരിപ്പ്	2022-23 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ്
ജില്ലാപഞ്ചായത്ത് വിഹിതം	3620	272000	275620	272000	3620	3620
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	431334	501263	932597	513263	419334	431334
മുനിസിപ്പൽ കോർപ്പറേഷൻ	0	52322	52322	41863	10459	10459

2022-23 വർഷം, ലൈഫ് ഗുണഭോക്താക്കൾക്ക് ടോയിലറ്റ് നിർമ്മിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉപയോഗിച്ചുള്ള അധിക ധനസഹായം എന്ന പ്രോജക്ടിൽ (നമ്പർ 17/23) ബ്ലോക്ക് വിഹിതമായി ലഭിച്ച 36000/- രൂപ വകയിരുത്തുകയും, അതിൽനിന്ന് 12000/- രൂപ ചെലവഴിക്കുകയും ചെയ്തിരുന്നതായും പ്രസ്തുത തുക 251130001 എന്ന ഹെഡിലേക്ക് തെറ്റായി പേയ്മെന്റ് ചെയ്തത് കാരണം B-4 ഷെഡ്യൂളിൽ വ്യത്യാസമുണ്ടായതായും പ്രസ്തുത അപാകം അടുത്ത AFS തയ്യാറാക്കുന്ന അവസരത്തിൽ ക്രമീകരിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻകയറി നമ്പർ 17/28.10.2023ന്റെ മറുപടി).

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	തൻ വർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം)	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി	ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കലും ലൈൻ എക്സ്റ്റൻഷനും	45835	15397	30438
	പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	24580	0 *	24580

	വക്കം കെഎസ്ഇബിയുടെ പരിധിയിൽ വരുന്ന വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ	313049	0	313049

* 01.11.2023 ൽ 14161/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്.

വാർഷിക ധനകാര്യ പത്രിക പ്രകാരം

	2021-22 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ്	2022-23 വർഷത്തെ നിക്ഷേപം (സുലേഖ പ്രകാരം)	ആകെ	2022-23 വർഷം വിനിയോഗിച്ചത് / തിരികെ ലഭിച്ചത്	നീക്കിയിരിപ്പ്	2022-23 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ്
കെ.എസ്.ഇ.ബി.	1072479	383464	1455943	15397	1440546	1455943
കേരള വാട്ടർ അതോറിറ്റി	893109	0	893109	0	893109	893109
അനെർട്ട്	1335035	0	1335035	0	1335035	1335035

ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കലും ലൈൻ എക്സ്റ്റൻഷനും എന്ന നിക്ഷേപ പ്രവൃത്തിയിൽ 15397/- രൂപയുടെ വിനിയോഗ വിവരം അക്കൌണ്ട് ചെയ്യാത്തതിനാൽ ബാലൻസ് ഷീറ്റിലുണ്ടായ വ്യത്യാസം അടുത്ത AFS തയ്യാറാക്കുന്ന അവസരത്തിൽ ക്രമീകരിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻകയറി നമ്പർ 16/28.10.2023ന്റെ മറുപടി).

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

വായ്പ വിവരം	ഉത്തരവ് നമ്പർ / തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം ലഭിച്ച തുക (RP -31 പ്രകാരം)	തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം)	തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 ഷെഡ്യൂൾ പ്രകാരം)
KURDFC	ജി.ഒ. (എം.എസ്) 68/18 തീയതി 15.05.2018	3950612	100000	610981	374512

3,05,491/- രൂപയുടെ വ്യത്യാസമുണ്ട്. 2022-23 വർഷം 3,05,490/- രൂപയ്ക്ക് മാത്രമാണ് ജി.ഒ പ്രോജക്ട് രൂപീകരിച്ചതെന്നും പ്രസ്തുത തുകയാണ് വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിച്ചതെന്നും പ്രസ്തുത വ്യത്യാസം 2023-24 വർഷം സുലേഖയിൽ ക്രമീകരിച്ചതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻകയറി നമ്പർ 18/28.10.2023ന്റെ മറുപടി).

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്.

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം.

സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	ഓഡിറ്റ് റിപ്പോർട്ട് വർഷം	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2006-07	3.5.1	2003-04	റെയിൽവേ ഗേറ്റ് മെയിന്റനൻസ്	ഗ്രാന്റായി നാളിതുവരെ ലഭിച്ച തുക അടവാക്കിയിട്ടുണ്ട്.
20007-08	3.3.1	2004-05	ഉപയോഗ ശൂന്യമായ ടിപ്പർ ലേലം	ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	7177662
ഓഡിറ്റ് വർഷത്തെ വരവ്	22535571
ഓഡിറ്റ് വർഷത്തെ ചെലവ്	25540701
നീക്കിയിരിപ്പ്	4172532
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	55800

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-20	35800	ഡോ. ദേവരാജ്.ആർ, മെഡിക്കൽ ഓഫീസർ –ആർ.എച്ച്.സി.
1-21	20000	ഡോ. ദേവരാജ്.ആർ, മെഡിക്കൽ ഓഫീസർ –ആർ.എച്ച്.സി.
ആകെ	**55800**	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഡോ. ദേവരാജ്.ആർ, മെഡിക്കൽ ഓഫീസർ – ആർ.എച്ച്.സി.	മെഡിക്കൽ ഓഫീസർ – ആർ.എച്ച്.സി., വക്കം	ഹൗസ് നം. 40-A, അശ്വതി, NPP നഗർ Lane-1, പേരൂർക്കട, തിരുവനന്തപുരം-695005

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2004-05	കെ.എസ്.എ.റ്റി.വി.എം/ ജി.പി.10/1680/2022/03.10.2022	1
2005-06	കെ.എസ്.എ.റ്റി.വി.എം/ ജി.പി.10/1680/2022/03.10.2022	1
2006-07	കെ.എസ്.എ.റ്റി.വി.എം/ ജി.പി.10/1680/2022/03.10.2022	2
2007-08	കെ.എസ്.എ.റ്റി.വി.എം/ ജി.പി.10/1680/2022/03.10.2022	1
2009-10	കെ.എസ്.എ.റ്റി.വി.എം/ ജി.പി.10/1680/2022/03.10.2022	1
2016-17	കെ.എസ്.എ.റ്റി.വി.എം/ ജി.പി.10/1680/2022/03.10.2022	1
2017-18	കെ.എസ്.എ.റ്റി.വി.എം/ജി.പി.8/497/2019 തീയതി 29.09.2020	32
2018-19	കെ.എസ്.എ.റ്റി.വി.എം/ജി.പി.8/1251 തീയതി 06.05.2022	13
2019-20	കെ.എസ്.എ.റ്റി.വി.എം/ജി.പി.8/17527/2021 തീയതി 08.02.2022	39
2020-21	കെ.എസ്.എ.റ്റി.വി.എം/ജി.പി.8/476/2022 തീയതി 26.05.2022	32
2021-22	കെ.എസ്.എ.റ്റി.വി.എം/ജി.പി.10/428/2023 തീയതി 29.03.2023	43

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 11(1) dated 11(1) dated 25-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Vakkom Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vakkom Grama Panchayat for the year 2022-2023

Date: 07/12/2023 **Deputy Director(H.G)**

Kerala State Audit Department

Audit Report appended to the Audit Certificate of Vakkom Grama Panchayat for the Year 2022-2023.

1.Major Observations

Deficit balance for the institution Expendture (11,17,30,715) exceeds Income (11,15,20,069) as per Income & Expenditure Statement.

2.Other Observations

1. The financial ratios, notes on accounts are not submitted for audit.

2. Net increase in cash flow (Rs. 3005130/-) does not match with the difference between the opening balance of cash and cash equivalents (Rs. 3803735/-).

3. Statement related to B-1 Schedule (Adjusted performance for the current year) has not been submitted with the annual financial statement.

4. Depreciation not provided as per Income & Expenditure statement for Roads & Bridges, Sewerage & Drainage, Public Lighting, plant and machinery and other fixed Assets. As per balance sheet the accumulated depreciation is same for previous and current year.

5. Cheques issued (State Bank of India, Vakkom- Amount Rs. 1,05,447/-, Number of cheques - 14) and uncashed for more than three months were not transferred to Stale Cheque Account.

6. An amount of Rs. 17,030/-, is recorded as directly debited by Sub Treasury Kadakkavoor (A/C No. 799013000000119). But no further action has been taken to reconcile the same amount.

7. As per Bank reconciliation Statement, Cheques of Rs. 64,681/- deposited into SBI account (No.57017602007- Vakkom) are not credited to account. Action has not been taken to realise the amount.

8. Lapses in making timely and accurate demand entries in respect of tax and non tax revenue.

9. No provision is recorded in balance sheet (B-9 schedule) for unrealized expenditure during the financial year such as Honorarium of members, fuel charges for March 2023.

10. No action has been taken to realise the expired amount (after three years) out of the total amount of Rs. 45,737/- under the Liability head in respect of Stale cheques.

11. The amount of Rs. 2,31,039/- given as part bill for capital work (New LPS Writervila School Toilet construction project), is not included in Capital Work in Progress Schedule [B-11(b)].

12. Authenticated journal vouchers for supporting the adjustment entries are not recorded. Eg:- Documents validating the journal entries in the ledger 460100101 recovery of festival advance done in 2021-22 are not included in ILGMS.

13. CFC grant liability amount shown as liability in Balance sheet (Rs. **32,80,479/-)** does not match with the Bank account (Rs. **21,43,717/-)** opened for the same. There is a difference of Rs. 11,36,762/- which is to be explained.

14. No monthly reconciliation is done between ledger balances and related registers.

15. Property Tax on Non -Residential Buildings mismatch with Balance Sheet.

Demand (I-1)	10,74,908
Collection [Advance collection (0) + RP-45]	9,67,939
Balance	1,06,969
Balance as per B-15	1,55,366
Difference	48,397

16. Utilisation of Deposit work is not accounted. Out of the amount of Rs.45835/- deposited for Electric Post shifting & Line extension Project, Rs. 15397/- is utilised which is not accounted as asset.

17. Expenditure of Block share for Joint venture project (No. 17/23) is wrongly accounted.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വക്കം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്